VOL NO: 04 I ISSUE 17
www.nerpatham.com
mail@nerpatham.com
2021 APRIL 17 I ₹12

# നേർപഥം
വാരിക

# സകാത്ത്: ഉദാത്തമായ കാരുണ്യസ്പർശം

ഭൂമിയിലുള്ള മുഴുവൻ സമ്പത്തിന്റെയും ആത്യന്തികമായ ഉടമസ്ഥൻ അല്ലാഹുവാണ്. അതിനാൽ തന്നെ ക്രയവിക്രയങ്ങൾക്കായി അല്ലാഹു മനുഷ്യരെ ഏൽപിച്ച ധനത്തിൽ ആർക്കൊക്കെ അവകാശമുണ്ടെന്ന് നിശ്ചയിക്കാനുള്ള പരമാധികാരവും അവന് തന്നെയാണ്. സകാത്തിനെ കുറിച്ചുള്ള അടിസ്ഥാന ധാരണകൾ രൂപപ്പെടുത്തേണ്ടത് ഈ അസ്തിവാരത്തിൽ നിന്നുകൊണ്ടാണ്.

- ഗ്യാൻവാപിയിലെ തീ; ഉറക്കം നടിച്ചാൽ പടർന്നുപിടിക്കും

- നോമ്പ്: ചില ഉണർത്തലുകൾ
- നോമ്പ്; തിന്മകളെ തടുക്കുന്ന പരിച
- വിലയില്ലാതാകുന്ന മനുഷ്യജീവനുകൾ
- നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും

WISDOM students

Watch Classes at:

# 25ാമത് ഖുർആൻ
# വിജ്ഞാന പരീക്ഷ

2021
ഏപ്രിൽ
**30**
വെള്ളി

8.30 am - 10.00 pm
IST

- **സിലബസ് :**
  സൂറ: അമ്പിയാഅ്, സൂറ: ഹജ്ജ്
  (മുഹമ്മദ് അമാനി മൗലവിയുടെ ഖുർആൻ പരിഭാഷ)

- സിലബസ് അനുസരിച്ചുള്ള പഠന ക്ലാസുകൾ എഡിഫിസ് ആപ്പിലും വിസ്ഡം ഗ്ലോബൽ ടി വി യൂട്യൂബ് ചാനലിലും ലഭ്യമാണ്

- വിജയികൾക്ക് ഒന്നര ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ്

**Register now: qvp.wisdomislam.org**

edifice | wisdomstudents | CV Complex
PV Swami Road, Kozhikode
8156 81 2292

# 0222

# നേർപഥം
വാരിക

2021 ഏപ്രിൽ 17
1442 റമദാൻ 05
പുസ്തകം 05 / ലക്കം 17





**10**
**സകാത്ത്: ഉദാത്തമായ കാരുണ്യസ്പർശം**
ഉസ്മാൻ പാലക്കാഴി

**04**
**സമകാലികം**
ഗ്യാൻവാപിയിലെ തീ;
ഉറക്കം നടിച്ചാൽ പടർന്നുപിടിക്കും
ടി.കെ.അശ്റഫ്

**05**
**മുഖമൊഴി**
വിലയില്ലാതാകുന്ന മനുഷ്യജീവനുകൾ
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**16**
**കവിത**
കിരീടവും മുഖാവരണവും
നാസർ അടുമാറി, ഐക്കരപ്പടി

**18**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ
സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**23**
**ക്വുർആൻ ദർശനം**
അർറ്വഹ്മാൻ (പരമകാരുണികൻ)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**26**
**ചരിത്രപഥം**
നബിﷺയും
ദൈവിക ദൃഷ്ടാന്തങ്ങളും
ഹുസൈൻ സലഫി, ഷാർജ

**30**
**വിവർത്തനം**
നോമ്പ്: ചില ഉണർത്തലുകൾ
സലീമുൽഹിലാലി അലി ഹസൻ അൽഹലബി

**34**
**ഹദീസ് പാഠം**
നോമ്പ്; തിന്മകളെ തടുക്കുന്ന പരിച
അബൂഅമീൻ



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




ടി.കെ.അശ്റഫ്
tkashraf100@gmail.com

സമകാലികം

# ഗ്യാൻവാപിയിലെ തീ; ഉറക്കം നടിച്ചാൽ പടർന്നുപിടിക്കും

വാരാണസിയിലെ ഗ്യാൻവാപി പള്ളിയിൽ പുരാതന ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കാൻ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് പ്രദേശത്തെ ഒരു കോടതി നിർദേശിച്ചത് രാജ്യത്തിന്റെ സമാധാന ജീവിതത്തിലേക്ക് തീ കോരിയിടുന്ന നടപടിയായിപ്പോയി. മൂന്നു പതിറ്റാണ്ട് മുമ്പുള്ള ഒരു പരാതി പൊടിതട്ടിയെടുത്താണ് ഇങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്!

മൂന്ന് നൂറ്റാണ്ടിലധികമായി പ്രവർത്തിച്ചുവരുന്ന മുസ്‌ലിം ആരാധനാലയമായ ഗ്യാൻവാപി പള്ളി മുഗൾ രാജാവായിരുന്ന ഔറംഗസീബ്(1669ൽ) പണികഴിപ്പിച്ചതാണ്. നൂറ്റാണ്ടുകൾക്കു ശേഷം (1980കളിൽ) വർഗീയ വാദികൾ ഇതിൽ കണ്ണുവച്ചുതുടങ്ങി. തൊണ്ണൂറുകളിൽ ബാബരി മസ്ജിദ് വിവാദം കത്തിനിൽക്കുന്ന സന്ദർഭത്തിൽ ഗ്യാൻവാപിയിലെ പള്ളിയും മധുരയിലെ ഈദ് ഗാഹും സംബന്ധിച്ച് ഇവർ ആരോപണങ്ങൾ ഉയർത്തിയിരുന്നു. അവിടെയുണ്ടായിരുന്ന ശിവക്ഷേത്രം തകർത്ത് അതിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ചാണ് ഔറംഗസേബ് പള്ളി നിർമിച്ചത് എന്നായിരുന്നു അവരുടെ ആരോപണം.

ഈ ആരോപണത്തിന്റെ തീ കത്താൻ അനുവദിച്ചാൽ രാജ്യം മുഴുവൻ ആളിപ്പടരാൻ ശേഷിയുള്ളതാണന്ന് തിരിച്ചറിഞ്ഞ അന്നത്തെ നരസിംഹറാവു സർക്കാർ 1991ലെ 'പ്ലേസ് ഓഫ് വർഷിപ് ആക്ട് 91' എന്നപേരിൽ ആരാധനാലയ നിയമം കൊണ്ടുവന്നു തടയുകയാണ് ചെയ്തത്. ഈ നിയമം അനുസരിച്ച് രാജ്യത്തെ ആരാധനാലയങ്ങളുടെ സ്വഭാവം 1947 ഓഗസ്റ്റ് 15ന് ഉണ്ടായിരുന്ന അവസ്ഥയിൽ തന്നെ നിലനിൽക്കും. ഇത് സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ പാടില്ല. ബാബരി മസ്ജിദിന് മാത്രമെ ഈ നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളൂ. രാജ്യത്തെ ആരാധനാലയങ്ങൾ ഇന്നോളം സംരക്ഷിക്കപ്പെട്ടതിൽ ഈ നിയമത്തിന് വലിയ പങ്കുണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പുള്ള സംഭവങ്ങളെ ഊഹത്തിന്റെയും കെട്ടിച്ചമച്ച രേഖകളുടെയും ഐതിഹ്യങ്ങളുടെയും അടിസ്ഥാനത്തിൽ അപഗ്രഥിച്ച് ഉടമസ്ഥാവകാശം പുനർനിർണയിക്കാൻ തുനിഞ്ഞാൽ എന്തായിരിക്കും നമ്മുടെ രാജ്യത്തിന്റെ ഭാവി? ഇത് തീക്കളിയാണ്! ഈ തീ ഇവിടെ അണച്ചില്ലെങ്കിൽ ആളിപ്പടർന്ന ശേഷം തീയണക്കാൻ രാജ്യത്ത് പൗരന്മാർ ഉണ്ടായിക്കൊള്ളണമെന്നില്ല. 1991ലെ ആരാധനാലയ നിയമം നിലനിൽക്കെ കോടതികൾ അതു കണ്ടില്ലെന്നു നടിച്ചുകൊണ്ട് പുതിയ പരിശോധനക്കായി തുറന്നുനൽകുന്ന വാതിൽ വിഭാഗീയതക്ക് കടന്നുവരാനുള്ള കവാടങ്ങൾ കൂടിയാണന്ന കാര്യം വിസ്മരിക്കരുത്. സുപ്രീംകോടതിയും ഈ വിഷയത്തിൽ കേന്ദ്രസർക്കാറിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടത് ഉത്കണ്ഠ വർധിപ്പിക്കുകയാണ്. 1991ലെ നിയമം ഭേദഗതി ചെയ്യണമെന്ന ആവശ്യം ഉയർത്തിക്കൊണ്ട് അശ്വിനി കുമാർ ഉപാധ്യായ എന്ന ബിജെപി നേതാവ് സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതിയുടെ ഈ ആശങ്കയുളവാക്കുന്ന നടപടി.

ബാബരി വിവാദം രാജ്യത്തുണ്ടാക്കിയ മുറിവ് നാം അനുഭവിച്ചതാണ്. അത് അവസാനിച്ചപ്പോൾ മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥ അനുസരിച്ച് പുതിയ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് വരികയാണ് വർഗീയ വാദികൾ. ഗ്യാൻവാപിയിലെ സമാധാന വാദികളായ സന്യാസിമാർ പോലും ഈ വിഷയം കുത്തിപ്പൊക്കി മധുരയുടെ സമാധാനം കളഞ്ഞു കുളിക്കരുത് എന്ന് ആവശ്യപ്പെട്ടതിലൂടെ ഇത് പ്രദേശവാസികളുടെ ആവശ്യമല്ലന്നും വിഭാഗീയതക്ക് തീകൊടുത്ത് രാഷ്ട്രീയാധികാരം ഉറപ്പിക്കാനുള്ള വർഗീയശക്തികളുടെ അജണ്ടയാണന്നും വ്യക്തമായിരിക്കുകയാണ്.

ഇതിനെതിരെ സമാധാനമാഗ്രഹിക്കുന്നവരെല്ലാം രംഗത്തുവരണം. ഇല്ലെങ്കിൽ ഈ തിയറിവെച്ച് നാടുമുഴുവൻ കിളച്ചുമറിക്കേണ്ടിവരും. പണ്ടുകാലത്ത് ഇവിടങ്ങളിൽ പള്ളി ഉണ്ടായിരുന്നുവെന്ന് മുസ്‌ലിംകളും ക്ഷേത്രം ഉണ്ടായിരുന്നുവെന്ന് ഹിന്ദുക്കളും വാദിക്കാൻ തുടങ്ങിയാൽ എന്താകും നമ്മുടെ നാടിന്റെ അവസ്ഥ?! ആരാധനാലയങ്ങൾ മാത്രമല്ല വീടുകളും മറ്റു സ്ഥാപനങ്ങളുമെല്ലാം കുഴിക്കേണ്ടി വരും. 1991ലെ നിയമത്തിലൂടെ ഈ പ്രശ്നത്തെ കുടത്തിൽ അടച്ചതാണ്. ഇനിയത് തുറക്കാൻ കോടതികൾ പോലും കൂട്ടുനിൽക്കുന്ന കാഴ്ച സമാധാനം ആഗ്രഹിക്കുന്നവരെ വേദനിപ്പിക്കുന്നുണ്ട്. ഇത്തരം വിഷയത്തിൽ മതേതര പാർട്ടികളും ജനാധിപത്യവിശ്വാസികളും സാഹിത്യകാരന്മാരും പൊതുസമൂഹം ഒന്നടങ്കവും രംഗത്തുവരേണ്ടതുണ്ട്.

മുഖമൊഴി

# വിലയില്ലാതാകുന്ന മനുഷ്യജീവനുകൾ

വന്യജീവികളുടെയും തെരുവു നായകളുടെയും ജീവന്റെ വിലപോലും മനുഷ്യജീവന് കൽപിക്കപ്പെടാത്ത ഇടമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുകയാണോ? പേപ്പട്ടിയെ തല്ലിക്കൊന്നാലും അക്രമിക്കാൻ ചാടിവീണ വന്യമൃഗത്തെ പ്രതിരോധിക്കുന്നതിനിടയിൽ അതിന്റെ ജീവൻ നഷ്ടപ്പെട്ടാലും മൃഗസ്നേഹികൾ സടകുടഞ്ഞെഴുന്നേൽക്കും. പ്രതിഷേധം പ്രകടിപ്പിക്കും. അക്രമിക്കെതിരെ നിയമനടപടി സ്വീകരിക്കാൻ മുറവിളി കൂട്ടും. ആ കേസിൽനിന്ന് രക്ഷപ്പെടാൻ പിന്നെ വലിയ പാടാണ്.

എന്നാൽ അന്യായമായി മനുഷ്യർ കൊല്ലപ്പെടുമ്പോൾ കൊല്ലപ്പെട്ടവരുടെ ജാതിയും മതവും കൊടിയുടെ നിറവും നോക്കിയാണ് പലരും പ്രതികരണങ്ങളും പ്രതിഷേധങ്ങളുമുയർത്തിക്കാണുന്നത് എന്ന കാര്യം പ്രബുദ്ധകേരളത്തിന് അപമാനകരമാണ്. ഏതൊരു മനുഷ്യനും കൊല്ലപ്പെട്ടുകൂടാ. കൊല്ലപ്പെടുന്നത് ആരാണെങ്കിലും ഒരു മനുഷ്യനാണല്ലോ എന്ന നിലയിൽ അതിൽ വേദനിക്കാനും പ്രതികരിക്കാനും കൊലയാളി ആരാണെങ്കിലും പിടികൂടി ശിക്ഷിക്കണമെന്നു പറയാനുമുള്ള തന്റേടവും മനുഷ്യത്വവും എന്നാണ് നമുക്കുണ്ടാവുക?

ഉത്തരേന്ത്യയിലേക്ക് നോക്കുക. പശുക്കടത്തിന്റ പേരിൽ, ബീഫിന്റെ പേരിൽ അവിടെ കൊലപാതകവും ക്രൂരമായ പീഡനവും നടക്കുന്നു. ജാതീയമായ വേർതിരിവും തൊട്ടുകൂടായ്മയും നിലനിൽക്കുന്നു. പശുവിന്റെ വിലപോലും കൽപിക്കപ്പെടാത്ത ദളിതർ നിസ്സാരമായ കാര്യങ്ങളുടെ പേരിൽ മർദനത്തിനിരകളാവുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നു.

ഏതാനും ദിവസം മുമ്പ് ബംഗാളിലെ കുച്ച്ബിഹാറിൽ നാലാംഘട്ട വോട്ടെടുപ്പിനിടെ നടന്ന വെടിവയ്പിൽ അഞ്ചു പേരാണ് കൊല്ലപ്പെട്ടത്. ഇത് വംശഹത്യയാണ് എന്നാണ് മുഖ്യമന്ത്രി മമത ബാനർജി ആരോപിച്ചത്. എന്നാൽ കേന്ദ്രസേനയെ ഘെരാവോ ചെയ്യാൻ മമത നിർദേശം നൽകിയതാണ് വെടിവയ്പിൽ കലാശിച്ചത് എന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ വിശദീകരണം. ന്യായം ആരുടെ പക്ഷത്താണെങ്കിലും വേദന കൊല്ലപ്പട്ടവരുടെ കുടുംബത്തിനു മാത്രം.

ഗോവിന്ദ് പൻസാരെ, എം.എം കൽബുർഗി, നരേന്ദ്ര ധബോൽകർ ഗൗരി തുടങ്ങി സാമൂഹ്യപ്രവർത്തകരും എഴുത്തുകാരുമൊക്കെയായ പലരും വധിക്കപ്പെട്ടത് മറക്കാനായിട്ടില്ല. ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ അങ്ങിങ്ങായി ചില പ്രതിഷേധ സ്വരങ്ങൾ ഉയരും. താമസിയാതെ എല്ലാം കെട്ടടങ്ങും. അക്രമികൾ തങ്ങളുടെ ദൗത്യം അഭംഗുരം തുടരും. അവരുടെ പിന്നിലുള്ള ശക്തികൾ ചെല്ലും ചെലവും കൊടുത്ത് അവരെ സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും. മതേതരവാദികളായ എഴുത്തുകാർ ആയുസ്സിനു വേണ്ടി മൃത്യുഞ്ജയ ഹോമം നടത്തിയില്ലെങ്കിൽ ഗൗരി ലങ്കേഷിന്റെ ഗതി വരുമെന്ന് അവർ കൊല്ലപ്പെട്ട ശേഷം കേരളത്തിലെ ഒരു തീവ്ര വർഗീയ പ്രസംഗക ഭീഷണിപ്പെടുത്തിയത് നാം കണ്ടതാണ്.

വിധവകളും അനാഥരും ആലംബഹീനരും സൃഷ്ടിക്കപ്പെടുന്നു എന്നതാണ് കൊലപാതകങ്ങളുടെ ബാക്കിപത്രം. നഷ്ടം കൊല്ലപ്പെവർക്കും അവരുടെ കുടുംബത്തിനും മാത്രം.

ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാവോയിസ്റ്റുകളാണ് എന്ന് പ്രധാനമന്ത്രിയായിരിക്കെ മൻമോഹൻ സിംഗ് പ്രസ്താവിച്ചിരുന്നു. ആ മാവോയിസ്റ്റുകൾ എത്രയെത്ര സൈനികരെയും ഗ്രാമീണരെയുമാണ് ഒരു വർഷം കൊന്നൊടുക്കുന്നത്! അവർക്ക് എവിടെനിന്നാണ് കോടികളുടെ സാമ്പത്തിക സഹായം ലഭിക്കുന്നത്? കൊള്ളയിലൂടെ മാത്രമാണോ? എങ്ങനെയാണ് മിക്കവാറും വനത്തിനുള്ളിൽതന്നെ കഴിച്ചുകൂട്ടുന്നവർക്ക് വിദേശ നിർമിതങ്ങളായ അത്യാധുനിക ആയുധങ്ങൾ ലഭിക്കുന്നത്? രക്തം ചൊരിയാൻ ഒട്ടും മടികാണിക്കാത്ത ഈ വിഭാഗത്തിന് ബാഹ്യമായ സഹായം ലഭിക്കുന്നില്ലെന്ന് പറയാനാകുമോ?

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

## 2

ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ വിനയത്തിന്റെയും താഴ്മയുടെയും നിരന്തരമായി അല്ലാഹുവിലേക്ക് അഭയം തേടലിന്റെയും സഹായതേട്ടത്തിന്റെയുമൊക്കെ കവാടങ്ങൾ അയാൾക്കു മുന്നിൽ തുറന്നുകൊടുക്കും. സ്വന്തത്തിന്റെ ന്യൂനതകളും വിവരക്കേടും അന്യായയങ്ങളും ശത്രുതയുമെല്ലാം അയാൾ സദാ കണ്ടുകൊണ്ടിരിക്കും. അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹങ്ങളും കാരുണ്യവും നന്മകളും എല്ലാം എപ്പോഴും അയാളുടെ കൺമുന്നിലുണ്ടാകും.

അതിനാൽ യഥാർഥ ജ്ഞാനി ഈ രണ്ട് ചിറകുകളിലുമായി അല്ലാഹുവിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കും. അവയിലേതെങ്കിലുമൊന്ന് എപ്പോൾ അയാൾക്ക് നഷ്ടമാകുന്നുവോ അപ്പോൾ ചിറകൊടിഞ്ഞ പക്ഷിപോലെ അയാൾക്ക് പറക്കാനാവുകയില്ല.

ശൈഖുൽ ഇസ്‌ലാം അബൂഇസ്മാഈൽ അൽഹാവി(റഹി) പറയുന്നു: "യഥാർഥ ജ്ഞാനി അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സദാ ദർശിച്ചും സ്വന്തം ന്യൂനതകളും വീഴ്ചകളും നിരന്തരം നിരീക്ഷിച്ചുമായിരിക്കും അല്ലാഹുവിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുക."

ഇതാണ് നബിﷺ പഠിപ്പിച്ച സയ്യിദുൽ ഇസ്തിഗ്ഫാർ എന്ന പ്രാർഥനയുടെ ആശയവും:

"അല്ലാഹുവേ, നീയാണ് എന്റെ രക്ഷിതാവ്. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിന്റെ അടിമയാണ്. ഞാൻ നിന്നോടുള്ള കരാറിലും വാഗ്ദാനത്തിലുമാണ്; എനിക്ക് സാധിക്കുന്നത്ര. ഞാൻ ചെയ്തുപോയ ദോഷങ്ങളിൽനിന്ന് ഞാൻ നിന്നോട് രക്ഷചോദിക്കുന്നു. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും എന്റെ പാപങ്ങളുമായി ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങുന്നു. അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീയല്ലാതെ തെറ്റുകൾ പൊറുക്കുന്നവനായി മറ്റാരുമില്ല" (ബുഖാരി).

ഈ പ്രാർഥനയിലെ 'നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും എന്റെ പാപങ്ങളുമായി ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങുന്നു' എന്ന വചനം റബ്ബിന്റെ അനുഗ്രഹങ്ങളെ ദർശിക്കുന്നതോടൊപ്പം സ്വന്തം ന്യൂനതകളെയും വീഴ്ചകളെയും തിരിച്ചറിയലും സമന്വയിപ്പിക്കുന്നുണ്ട്.

അനുഗ്രഹങ്ങളെക്കുറിച്ചുള്ള ബോധം അനുഗ്രഹദാതാവിനോടുള്ള സ്നേഹവും നന്ദിയും സ്തുതികീർത്തനങ്ങളും അനിവാര്യമാക്കുന്നതാണ്. സ്വന്തം ന്യൂനതകളെക്കുറിച്ചും വീഴ്ചകളെക്കുറിച്ചുമുള്ള തിരിച്ചറിവ് വിനയവും താഴ്മയും പടച്ചവനോടുള്ള തേട്ടവും പശ്ചാത്താപവുമെല്ലാം സദാസമയത്തും ഉറപ്പായും ഉണ്ടാക്കിക്കൊണ്ടിരിക്കും. ഞാൻ എല്ലാം തികഞ്ഞവനാണ് എന്ന് ഒരിക്കലും അയാൾക്ക് തോന്നുകയില്ല.

ഒരു അടിമക്ക് അല്ലാഹുവിന്റെ അടുക്കലേക്ക് കടന്നുചെല്ലാനുള്ള ഏറ്റവും അടുത്തവാതിൽ തന്റെ ഇല്ലായ്മയെയും ആശ്രയത്വത്തെയും കുറിച്ചുള്ള ശരിയായ ബോധമാണ്. തനിക്ക് അവലംബിക്കുവാനും ആശ്രയിക്കുവാനും സ്വയംപര്യാപ്തത കൈവരിക്കുവാനും യാതൊരു മാർഗവും സ്വന്തമായി ഇല്ല എന്ന് അയാൾ തിരിച്ചറിയുന്നു. അതിനാൽ തനിച്ച ആശ്രയത്വത്തിന്റെയും ആവശ്യത്തിന്റെയും വാതിലിലൂടെ അല്ലാഹുവിന്റെ അടുക്കൽ ചെല്ലുന്നു; ദാരിദ്ര്യവും കഷ്ടതകളും ഹൃദയം തകർത്ത ഒരു മനുഷ്യന്റെ മനസ്സുമായി. ആ വിനയവും താഴ്മയും അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ തട്ടിയിട്ടുണ്ട്. റബ്ബിലേക്കുള്ള തന്റെ അനിവാര്യമായ ആശ്രയത്തെയും ആവശ്യത്തെയും അയാൾ കണ്ടറിഞ്ഞിട്ടുമുണ്ട്. തന്റെ പ്രത്യക്ഷവും പരോക്ഷവുമായ ഏതൊരു ചെറിയ കാര്യത്തിലും പരിപൂർണമായ സഹായവും ആശ്രയവും തനിക്കു വേണമെന്നും റബ്ബിലേക്ക് പൂർണമായും ആശ്രയിക്കൽ തികച്ചും അനിവാര്യമാണ് എന്നും അയാൾ അറിഞ്ഞിട്ടുണ്ട്. കണ്ണ് ഇമ വെട്ടുന്നത്ര ഒരു ചെറിയ നേരത്തേക്കെങ്കിലും റബ്ബ് എന്നെ കയ്യൊഴിച്ചാൽ ഞാൻ ആകെ തകർന്നുപോകുമെന്നും പരിഹരിക്കാനാവാത്ത തീരാനഷ്ടത്തിലായിപ്പോകുമെന്നും പടച്ചവൻ വീണ്ടെടുക്കുകയും കരുണ ചൊരിയുകയുമല്ലാതെ യാതൊരു രക്ഷാമാർഗവുമില്ലെന്നും അയാൾക്ക് ഉത്തമബോധ്യമുണ്ട്.


അല്ലാഹുവിലേക്ക് അടുക്കാനുള്ള ഏറ്റവും നല്ല മാർഗം അവനുള്ള കീഴ്വണക്കം തന്നെയാണ്. അതിലുള്ള ഏറ്റവും വലിയ തടസ്സം സത്യസന്ധമല്ലാത്ത അവകാശവാദങ്ങളുമാണ്. പ്രസ്തുത കീഴ്വണക്കത്തിന്റെ അടിസ്ഥാനം

**ഒരു അടിമക്ക് അല്ലാഹുവിന്റെ അടുക്കലേക്ക് കടന്നുചെല്ലാനുള്ള ഏറ്റവും അടുത്തവാതിൽ തന്റെ ഇല്ലായ്മയെയും ആശ്രയത്വത്തെയും കുറിച്ചുള്ള ശരിയായ ബോധമാണ്. തനിക്ക് അവലംബിക്കുവാനുംആശ്രയിക്കുവാനും സ്വയംപര്യാപ്തത കൈവരിക്കുവാനും യാതൊരു മാർഗവും സ്വന്തമായി ഇല്ല എന്ന് അയാൾ തിരിച്ചറിയുന്നു. അതിനാൽ തനിച്ച ആശ്രയത്വത്തിന്റെയും ആവശ്യത്തിന്റെയും വാതിലിലൂടെ അല്ലാഹുവിന്റെ അടുക്കൽ ചെല്ലുന്നു; ദാരിദ്ര്യവും കഷ്ടതകളും ഹൃദയം തകർത്ത ഒരു മനുഷ്യന്റെ മനസ്സുമായി. ആ വിനയവും താഴ്മയും അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ തട്ടിയിട്ടുണ്ട്. റബ്ബിലേക്കുള്ള തന്റെ അനിവാര്യമായ ആശ്രയത്തെയും ആവശ്യത്തെയും അയാൾ കണ്ടറിഞ്ഞിട്ടുമുണ്ട്.**

പ്രധാനമായും രണ്ടു കാര്യങ്ങളാണ്. അവയാണ് അതിന്റെ അടിത്തറ എന്ന് പറയാം. പരിപൂർണമായ സ്നേഹവും സമ്പൂർണമായ കീഴ്പെടലുമാണ് ആ രണ്ടു കാര്യങ്ങൾ. ഈ രണ്ട് അടിത്തറകൾ രൂപപ്പെടേണ്ടത് മുമ്പ് പറഞ്ഞ രണ്ട് അടിസ്ഥാനങ്ങളിൽനിന്നുമാണ്. അതായത് പടച്ചവനോടുള്ള സ്നേഹം ഊട്ടിയുറപ്പിക്കുന്ന, അവന്റെ അളവറ്റ അനുഗ്രഹങ്ങളെ തിരിച്ചറിയലും അവന്റെ മുന്നിലുള്ള തികഞ്ഞ കീഴ്പെടലിന് പര്യാപ്തമാക്കുന്ന, സ്വന്തത്തിന്റെയും കർമങ്ങളുയെയും കുറിച്ചുള്ള നിരന്തരമായ ബോധവും.

ഒരു ദാസൻ അല്ലാഹുവിലേക്കുള്ള മാർഗത്തെയും തന്റെ സ്വഭാവ, സമീപനങ്ങളെയും ഈ സുപ്രധാന അടിസ്ഥാനങ്ങളുടെമേൽ പടുത്തുയർത്തുകയാണെങ്കിൽ അയാൾക്കുണ്ടായേക്കാവുന്ന അശ്രദ്ധയുടെ സന്ദർഭത്തിലല്ലാതെ ശത്രുവിന് അയാളെ കീഴ്പെടുത്തുവാൻ സാധിക്കുകയില്ല. എന്നാൽ അതിൽനിന്ന് വളരെ പെട്ടെന്ന് അവനെ അല്ലാഹു ഉയർത്തിക്കൊണ്ടുവരികയും തന്റെ കാരുണ്യംകൊണ്ട് അവനെ വീണ്ടെടുക്കുകയും ചെയ്യും.

എന്നാൽ ഇക്കാര്യങ്ങൾ ഒരാൾക്ക് ശരിയായി കിട്ടണമെങ്കിൽ അയാളുടെ മനസ്സും ബാഹ്യാവയവങ്ങളും ചൊവ്വാകണം. മനസ്സ് ചൊവ്വാകുന്നത് രണ്ടു കാര്യങ്ങൾ കൊണ്ടാണ്. ഒന്ന്; അല്ലാഹുവിനോടുള്ള സ്നേഹം അയാൾക്ക് മറ്റു ഇഷ്ടങ്ങളെക്കാളെല്ലാം മികച്ചു നിൽക്കുന്നതാകണം. അതായത് അല്ലാഹുവിന്റെ ഇഷ്ടവും മറ്റുള്ളവരുടെ ഇഷ്ടവും പരസ്പരം എതിരായിവന്നാൽ മറ്റെന്തും തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ ഇഷ്ടം മുന്നിട്ട് അതിജയിച്ച് നൽക്കണം. അപ്പോൾ അതിന്റെ തേട്ടങ്ങൾ അനുബന്ധമായി ഉണ്ടാകും.



ഇത് പറയാനും അവകാശവാദങ്ങളുന്നയിക്കാനും വളരെ എളുപ്പമാണ്. എന്നാൽ പ്രയോഗവത്കരിക്കൽ ഏറെ പ്രയാസകരവുമാണ്. പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിലാണ് ഒരാൾ ആദരിക്കപ്പെടുകയോ നിന്ദിക്കപ്പെടുകയോ ചെയ്യുന്നത്.

മനുഷ്യൻ കൂടുതലായും മുൻഗണന നൽകുന്നത് തന്റെ ഇഷ്ടത്തിനും മനസ്സിന്റെ കൊതികൾക്കുമാണ്. അല്ലെങ്കിൽ തന്റെ നേതാവോ ഭരണാധികാരിയോ ഗുരുനാഥനോ കുടുംബമോ പോലുള്ള ആരെങ്കിലും ഇഷ്ടപ്പെടുന്നതിനാണ് അല്ലാഹുവിന്റെ ഇഷ്ടത്തെക്കാൾ മുൻഗണന നൽകാറുള്ളത്. ഇങ്ങനെയുള്ള ഒരാളെ സംബന്ധിച്ചിടത്തോളം തന്റെ സർവ ഇഷ്ടങ്ങളെക്കാൾ അല്ലാഹുവിന്റെ ഇഷ്ടത്തെ മുഖവിലക്കെടുത്തുവെന്ന് പറയാനൊക്കുകയില്ല. അല്ലാഹുവിന്റെ ഇഷ്ടമാണ് എല്ലാറ്റിന്റെയും മേലെ വിധിനിശ്ചയിച്ചത് എന്നും പറയാനാവില്ല. ഇത്തരത്തിലുള്ള ആളുകളുടെ കാര്യത്തിൽ അല്ലാഹുവിന്റെ നടപടിക്രമം അവർക്ക് ഏറ്റവും പ്രിയങ്കരമായതുകൊണ്ട് തന്നെ അയാൾ പൊറുതിമുട്ടുകയും പ്രയാസപ്പെടുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ ഇഷ്ടത്തെക്കാൾ തന്റെയോ താൻ ആദരിക്കുന്നവരുടെയോ ഇഷ്ടങ്ങൾക്കും ആഗ്രഹങ്ങൾക്കും മുൻഗണന നൽകിയതിന്റെ ഫലമത്രെ അത്.

തട്ടിമാറ്റാനോ ഭേദഗതി വരുത്തുവാനോ സാധിക്കാത്ത, അല്ലാഹുവിന്റെ അചഞ്ചലമായ വിധിയാണ് ഒരാൾ ഏറെ ഇഷ്ടപ്പെടുന്നതുകൊണ്ടുതന്നെ അയാൾ കഷ്ടപ്പെടുത്തപ്പെടുമെന്നത്. അല്ലാഹുവല്ലാത്ത മറ്റാരെയെങ്കിലുമാണ് ഒരാൾ ഭയക്കുന്നതെങ്കിൽ അവരുടെമേൽ ആ ഭയക്കുന്നതിന് ആധിപത്യം നൽകും. അല്ലാഹു അല്ലാത്തവയെയുംകൊണ്ട് ആരെങ്കിലും വ്യാപൃതമായാൽ അത് അയാളുടെ അപലക്ഷണമായിത്തീരും. അല്ലാഹുവിനെക്കാൾ മറ്റു വല്ലതിനുമാണ് ഒരാൾ പ്രാമുഖ്യം നൽകുന്നതെങ്കിൽ അയാൾക്ക് അതിൽ യാതൊരും അഭിവൃദ്ധിയും നൽകപ്പെടുകയില്ല. അല്ലാഹുവിനെ വെറുപ്പിച്ചുകൊണ്ട് മറ്റാരെയെങ്കിലും തൃപ്തിപ്പെടുത്തുകയാണെങ്കിൽ അല്ലാഹു അവനോട് അതുകൊണ്ട് തന്നെ പ്രതിക്രിയ ചെയ്യുന്നതായിരിക്കും.

മനസ്സ് ശരിയാവാനുള്ള രണ്ടാമത്തെ കാര്യം അല്ലാഹുവിന്റെ വിധിവിലക്കുകളോടുള്ള ആദരവാണ്. വിധിക്കുകയും വിലക്കുകയും ചെയ്യുന്ന ആ നിയമദാതാവിനോടുള്ള ആദരവിൽനിന്നാണ് അതുണ്ടാകുന്നത്. അല്ലാഹുവിനെയും അവന്റെ നിയമങ്ങളെയും ആദരിക്കാത്തവരെ അല്ലാഹു ആക്ഷേപിച്ചുപറഞ്ഞിട്ടുണ്ട്.

"നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല!" (ക്വുർആൻ 71:13).

പണ്ഡിതന്മാർ ഇതിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞത് 'എന്തുകൊണ്ടാണ് നിങ്ങൾ അല്ലാഹുവിനെ ഭയക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തത്' എന്നാണ്.

വിധിവിലക്കുകളോടുള്ള ആദരവിന്റെ കാര്യത്തിൽ ശൈഖുൽ ഇസ്‌ലാം അബൂഇസ്മാഈൽ അൽഹറവി(റഹി) പറഞ്ഞത് എത്ര മനോഹരമാണ്! "ദീനിലെ കൽപനകളും വിരോധങ്ങളും വെറുപ്പുളവാക്കുന്ന ഇളവുകളുമായോ അതിരുവിട്ട തീവ്രതയുമായോ നേരിണ്ടേതല്ല. അവയ്ക്ക് കീഴ്‌പെടാതിരിക്കുവാനുള്ള വല്ല കാരണം കണ്ടെത്താനും നോക്കരുത്.''

അദ്ദേഹം പറഞ്ഞതിന്റെ താൽപര്യമിതാണ്; അതായത് അല്ലാഹുവിനോടുള്ള കടപ്പാടുകളോടുള്ള ആദരവിന്റെ ആദ്യപടി അവന്റെ വിധിവിലക്കുകളെ ആദരിക്കുക എന്നതാണ്. അല്ലാഹുവിന്റെ ദൂതരിലൂടെ സർവരിലേക്കുമായി അല്ലാഹു അവതരിപ്പിച്ച സന്ദേശങ്ങൾ മുഖേന ഒരു സത്യവിശ്വാസി തന്റെ റബ്ബിനെ മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ താൽപര്യമാണ് ആ റബ്ബിന്റെ വിധികൾക്കും വിരോധങ്ങൾക്കും കീഴ്‌പെടുക എന്നത്. അല്ലാഹുവിന്റെ കൽപനകളെ ആദരിച്ചും അവ പിൻപറ്റിക്കൊണ്ടും അവന്റെ വിരോധങ്ങളെ ആദരിച്ചും അവയിൽനിന്ന് വിട്ടകന്നുകൊണ്ടുമാണ് ആ കീഴ്‌പെടൽ സാധ്യമാകേണ്ടത്. അപ്പോൾ ഒരു സത്യവിശ്വാസി മതത്തിന്റെ വിധിവിലക്കുകളെ ആദരിക്കുന്നത് പടച്ചവനോടുള്ള ആദരവിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാം. പ്രസ്തുത ആദരവിനനുസരിച്ചായിരിക്കും ഒരാൾ സത്യവിശ്വാസത്തിന്റെ സാക്ഷിയായ പുണ്യവാനായിത്തീരുന്നതും വിശ്വാസം ശരിയായി കാപട്യത്തിൽനിന്ന് മുക്തമാകുന്നതും.

ഒരാൾ ചിലപ്പോൾ മതം കൽപിക്കുന്നത് ചെയ്യുന്നുണ്ടാകാം. പക്ഷേ, അത് ആളുകളെ കണ്ടുകൊണ്ടും അവരുടെ അടുക്കലുള്ള സ്ഥാനമാനങ്ങൾ മോഹിച്ചുകൊണ്ടുമായിരിക്കും. അപ്രകാരം മതം വിലക്കിയ കാര്യങ്ങളെ സൂക്ഷിക്കുന്ന ആളുമായിരിക്കും. അവിടെയും ആളുകൾക്കിടയിലുള്ള തന്റെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമെന്നതോ ഇഹലോകത്തെ ശിക്ഷാനടപടികളെക്കുറിച്ചുള്ള ഭയമോ ഒക്കെയാണ് അതിന്റെ അടിസ്ഥാന പ്രേരകമെങ്കിൽ അയാളുടെ ഈ ചെയ്തികളൊന്നും അല്ലാഹുവിന്റെ വിധിവിലക്കുകളെ ആദരിച്ചുകൊണ്ടോ ആ നിയമങ്ങൾ കൽപിക്കുകയും വിരോധിക്കുകയും ചെയ്ത പടച്ചവനോടുള്ള ആദരവുകൊണ്ടോ അല്ലെന്നത് തീർച്ച!

മതത്തിന്റെ കൽപനകളോടുള്ള ആദരവിന്റെ ചില അടയാളങ്ങൾ ഇവയാണ്: ആ കൽപനകളുടെ സമയവവും പരിധികളും ഗ്രഹിക്കൽ, അവയുടെ അടിസ്ഥാനഘടകങ്ങൾ (റുക്‌നുകൾ), നിർബന്ധകാര്യങ്ങൾ (വാജിബാത്ത്), അവയുടെ പൂർണതവരുത്തുന്ന കാര്യങ്ങൾ മുതലായവ അന്വേഷിക്കൽ, അവ ഏറ്റവും നന്നായി ചെയ്യുവാനുള്ള അത്യുൽസാഹം കാണിക്കൽ, കൽപിക്കപ്പെട്ട കാര്യങ്ങൾ അതിന്റെ ഏറ്റവും ശ്രേഷ്ഠകരമായ സമയങ്ങളിൽതന്നെ നിർവഹിക്കൽ, അത് നിർവഹിക്കാനുള്ള താൽപര്യവും ഉൽസാഹവും, അവയിലെ ഏതെങ്കിലും ഒരു ന്യായമായ സംഗതി നഷ്ടപ്പെട്ടുപോയതിന്റെ പേരിലുള്ള സങ്കടവും ദുഃഖവും; അതായത്, ഒരു ജമാഅത്ത് നമസ്‌കാരം നഷ്ടപ്പെട്ടതിൽ സങ്കടപ്പെടുന്ന ഒരാളെ പോലെ. അയാൾ ചിന്തിക്കുന്നത് തന്റെ തനിച്ചുള്ള നമസ്‌കാരം റബ്ബ് സ്വീകരിച്ചാൽ തന്നെ തന്റെ 27 ഇരട്ടി പ്രതിഫലം നഷ്ടപ്പെട്ടുപോയല്ലോ എന്നതായിരിക്കും.

> ഒരു ദാസൻ അല്ലാഹുവിലേക്കുള്ള മാർഗത്തെയും തന്റെ സ്വഭാവ, സമീപനങ്ങളെയും ഈ സുപ്രധാന അടിസ്ഥാനങ്ങളുടെമേൽ പടുത്തുയർത്തുകയാണെങ്കിൽ അയാൾക്കുണ്ടായേക്കാവുന്ന അശ്രദ്ധയുടെ സന്ദർഭത്തിലല്ലാതെ ശത്രുവിന് അയാളെ കീഴ്‌പെടുത്തുവാൻ സാധിക്കുകയില്ല. എന്നാൽ അതിൽനിന്ന് വളരെ പെട്ടെന്ന് അവനെ അല്ലാഹു ഉയർത്തിക്കൊണ്ടുവരികയും തന്റെ കാരുണ്യംകൊണ്ട് അവനെ വീണ്ടെടുക്കുകയും ചെയ്യും.

കാര്യമായ യാതൊരു കഷ്ടപ്പാടും പ്രയാസവുമില്ലാതെ തന്റെ നാട്ടിൽവെച്ചുതന്നെ ഒരൊറ്റ ഇടപാടുകൊണ്ട് നേടിയെടുക്കാമായിരുന്ന 27 ഇരട്ടി ലാഭം തനിക്ക് നഷ്ടമായി എന്ന് ഒരാൾ അറിഞ്ഞാൽ അയാൾക്ക് എത്രമാത്രം സങ്കടവും നഷ്ടബോധവുമുണ്ടാകും! എങ്കിൽ ജമാഅത്തായി നമസ്‌കരിക്കുന്നതിലൂടെ കിട്ടുമായിരുന്ന എത്രയോ ഇരട്ടി പ്രതിഫലം നഷ്ടപ്പെടുത്തുന്ന ഒരാളുടെ സ്ഥിതി എന്തായിരിക്കും?

(തുടരും)



# സകാത്ത്: ഉദാത്തമായ കാരുണ്യസ്പർശം

**ഭൂമിയിലുള്ള മുഴുവൻ സമ്പത്തിന്റെയും ആത്യന്തികമായ ഉടമസ്ഥൻ അല്ലാഹുവാണ്. അതിനാൽ തന്നെ ക്രയവിക്രയങ്ങൾക്കായി അല്ലാഹു മനുഷ്യരെ ഏൽപിച്ച ധനത്തിൽ ആർക്കൊക്കെ അവകാശമുണ്ടെന്ന് നിശ്ചയിക്കാനുള്ള പരമാധികാരവും അവന് തന്നെയാണ്. സകാത്തിനെ കുറിച്ചുള്ള അടിസ്ഥാന ധാരണകൾ രൂപപ്പെടുത്തേണ്ടത് ഈ അസ്തിവാരത്തിൽ നിന്നുകൊണ്ടാണ്.**

കവർ സ്റ്റോറി

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

"ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്നപക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ" (ക്വുർആൻ 30:39).

പലിശയും സകാത്തും വലിയ അന്തരമുള്ള രണ്ട് സാമ്പത്തിക സംജ്ഞകളാണ്. പലിശയെ അല്ലാഹു ശപിക്കുകയും നിരോധിക്കുകയും ചെയ്തപ്പോൾ സകാത്തിനെ പ്രോൽസാഹിപ്പിക്കുകയും വമ്പിച്ച പ്രതിഫല

ത്തിന് അർഹമാക്കുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസിയെ സ്വർഗപ്രാപ്തിക്ക് അർഹനാക്കുന്ന ഉൽകൃഷ്ടമായ ഒരു ആരാധനയാണ് സകാത്ത് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ഉപരിസൂചിത ക്വുർആൻ സൂക്തത്തിലൂടെ വ്യത്യസ്തങ്ങളായ ചില കാര്യങ്ങൾ അല്ലാഹു ജനങ്ങളെ ബോധിപ്പിക്കുന്നുണ്ട്. ഒന്ന് മനുഷ്യന്റെ നിലനിൽപിന്റെ നെടുംതൂണായ ധനത്തിന്റെ യഥാർഥ ഉടമ ആരാണെന്നും ആ ധനത്തിൽ മനുഷ്യനുള്ള പങ്ക് എന്താണെന്നും ധനം വ്യത്യസ്ത രീതിയിൽ ചെലവഴിക്കാൻ കഴിയുമെങ്കിലും എല്ലാം സദാചാരപരമല്ലെന്നും ചില രീതിയിൽ ചെലവഴിച്ചാൽ അത് സമൂഹത്തിന് ദോഷകരവും മറ്റൊരു ലക്ഷ്യത്തോടെ ചെലവഴിച്ചാൽ അത് സമൂഹത്തിന് മൊത്തം ഉപകാരപ്പെടുന്നതും ആണെന്നെല്ലാം ഇത് സൂചിപ്പിക്കുന്നു.

"അവന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവയ്ക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതുമെല്ലാം"(ക്വുർആൻ 20:6).

ഭൂമിയിലുള്ള മുഴുവൻ സമ്പത്തിന്റെയും ആത്യന്തികമായ ഉടമസ്ഥൻ അല്ലാഹുവായിരിക്കെ അവൻ മനുഷ്യനെ ഏൽപിച്ച ധനം മനുഷ്യൻ എങ്ങനെയൊക്കെ ഏതൊക്കെ മാർഗത്തിൽ ചെലവഴിക്കണമെന്നും എന്തിനൊക്കെ ചെലവഴിച്ചുകൂടെന്നും ഉപയോഗിച്ചുകൂടെന്നും പറയാനും കൽപിക്കാനുമുള്ള അധികാരവും അവകാശവും അവന്നുതന്നെയാണ്. ഈ അവകാശബോധം മേലുദ്ധരിച്ച ആയത്തിൽ സ്പഷ്ടമാണ്. അല്ലാഹു തന്ന ധനം ചില രീതിയിൽ ചെലവഴിക്കരുതെന്നും ചില രീതിയിൽ ചെലവഴിച്ചേ പറ്റൂവെന്നും പറയുന്നതിൽ ഒരു യഥാർഥ സത്യവിശ്വാസിക്ക് യാതൊരു പ്രയാസമുണ്ടാകുവാൻ പാടില്ല.

പലിശ തികച്ചും ചൂഷണമാർഗമാണ്. പലിശക്കാരന് താൽക്കാലിക നേട്ടമുണ്ടാകുമെങ്കിലും ആത്യന്തികമായി അത് അവന്റെ നാശത്തിന് ഹേതുവാണ്. നരകത്തിൽ പ്രവേശിപ്പിക്കപ്പെടാൻ കാരണമാണ്. എന്നാൽ സകാത്ത് കൊടുക്കുന്നവരാണ് യഥാർഥത്തിൽ ഇരട്ടിയായി സമ്പാദിക്കുന്നവർ!

വീണ്ടും ക്വുർആൻ പറയുന്നു: "അവരുടെ (ധനികരുടെ) ധനത്തിൽ ചോദിച്ചുവരുന്നവർക്കും (ഉപജീവനം) തടയപ്പെട്ടവനും ഒരു അവകാശമുണ്ട്"(51:19).

ഇങ്ങനെ സമൂഹത്തിലെ ധനികരിൽനിന്നും ദരിദ്രരിലേക്ക് നിർബന്ധവും ഐച്ഛികവുമായും നൽകപ്പെടുന്ന സാമ്പത്തിക സഹായങ്ങൾ സമൂഹത്തിൽ ധനത്തിന്റെ ഒരു ഒഴുക്ക് സൃഷ്ടിക്കുന്നു. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ദാനങ്ങളിൽകൂടിയും സകാത്തിൽകൂടിയും ആരംഭിക്കുന്ന ഈ സാമ്പത്തിക പ്രക്രിയ സമ്പദ്‌വ്യവസ്ഥയെ ആകമാനംതന്നെ ചലനാത്മകമാക്കുന്നു. അതുവഴി എല്ലാ വിഭാഗം ജനങ്ങളുടെയും സാമ്പത്തികനില മെച്ചപ്പെടുന്നു.

ഉൽപന്ന കൈമാറ്റവും പണവും മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽവെച്ച് ഏറ്റവും സുപ്രധാനമാണ്. അതിന്റെ സാന്നിധ്യത്തിലെ സൗകര്യങ്ങളും അതിന്റെ അഭാവത്തിലെ ബുദ്ധിമുട്ടുകളും പഠനവിധേയമാക്കിയാൽ നമുക്കിത് ബോധ്യമാകും. സാമ്പത്തികശാസ്ത്രത്തിൽ പണവും അതിന്റെ ധർമങ്ങളും ഒരു ചർച്ചാവിഷയമാണ്. പണം എന്നാൽ എന്താണ് എന്നും അത് എന്തിനുള്ളതാണെന്നും അത് എന്തെല്ലാം ധർമങ്ങൾ നിർവഹിക്കുന്നുവെന്നും അത് എന്തെല്ലാം ചെയ്യുന്നില്ലെന്നും എന്തിനെല്ലാം പറ്റുകയില്ലെന്നും പ്രതിപാദിക്കപ്പെടുന്നു. പണത്തിന്റെ അടിസ്ഥാനധർമങ്ങൾ സാമ്പത്തികശാസ്ത്രം വിശദമാക്കുന്നത് മനസ്സിലാക്കിയാൽ പണം പലിശക്ക് കടംകൊടുക്കുന്നതിലെ അർഥശൂന്യതയും അത് നിരോധിച്ചതിലെ മാനവികതയും പ്രകടമാവുകയും ചെയ്യും.

### പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തെത്

സകാത്ത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് എന്ന കാര്യം കൊച്ചുനാളിൽ മദ്റസയിൽവച്ച് പഠിക്കുന്നതാണ് ഓരോ സത്യവിശ്വാസിയും. എ

**ഭൂമിയിലുള്ള മുഴുവൻ സമ്പത്തിന്റെയും ആത്യന്തികമായ ഉടമസ്ഥൻ അല്ലാഹുവായിരിക്കെ അവൻ മനുഷ്യനെ ഏൽപിച്ച ധനം മനുഷ്യൻ എങ്ങനെയൊക്കെ ഏതൊക്കെ മാർഗത്തിൽ ചെലവഴിക്കണമെന്നും എന്തിനൊക്കെ ചെലവഴിച്ചുകൂടെന്നും ഉപയോഗിച്ചുകൂടെന്നും പറയാനും കൽപിക്കാനുമുള്ള അധികാരവും അവകാശവും അവന്നുതന്നെയാണ്. ഈ അവകാശബോധം മേലുദ്ധരിച്ച ആയത്തിൽ സ്പഷ്ടമാണ്. അല്ലാഹു തന്ന ധനം ചില രീതിയിൽ ചെലവഴിക്കരുതെന്നും ചില രീതിയിൽ ചെലവഴിച്ചേ പറ്റൂവെന്നും പറയുന്നതിൽ ഒരു യഥാർഥ സത്യവിശ്വാസിക്ക് യാതൊരു പ്രയാസമുണ്ടാകുവാൻ പാടില്ല.**

ന്നാൽ അത് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിൽ മിക്കവരും പരാജയപ്പെടുന്നു. ശ്രമിച്ച് പരാജയപ്പെടുകയല്ല, മറിച്ച് അതിൽ വിമുഖത കാണിച്ച് പിന്നിലായിപ്പോകുകയാണ് ചെയ്യുന്നത് എന്നതാണ് വാസ്തവം.

ഇബ്നു ഉമർ(റ) നിവേദനം. നബി(സ) പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല എന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യംവഹിക്കൽ, നമസ്‌കാരം നിലനിർത്തൽ, സകാത്തുനൽകൽ, റമദാനിൽ നോമ്പ് അനുഷ്ഠിക്കൽ, സാധിക്കുന്നവർ കഅ്ബയിൽ പോയി ഹജ്ജ് നിർവഹിക്കൽ (എന്നിവയാണവ)" (ബുഖാരി, മുസ്‌ലിം).

### കാരുണ്യം നൽകപ്പെടും

സകാത്ത് നൽകുന്നവർ അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം ലഭിക്കുന്നവരിൽ ഉൾപ്പെടുന്നു: "...എന്റെ കാരുണ്യമാകട്ടെ സർവവസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും. എന്നാൽ ധർമനിഷ്ഠ പാലിക്കുകയും സകാത്ത് നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്" (ക്വുർആൻ 7:156).

"നിങ്ങൾ നമസ്‌കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 24:56).

### കൽപനകൾ

സകാത്ത് നൽകുവാനുള്ള കൽപനകൾ വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ കാണാവുന്നതാണ്. നമസ്‌കാരത്തോടൊപ്പം ചേർത്താണ് മിക്ക സ്ഥലങ്ങളിലും സകാത്ത് പരാമർശിക്കപ്പെട്ടിട്ടുള്ളത് എന്ന കാര്യം ശ്രദ്ധേയമാണ്:

"...അതിനാൽ അതിൽ(ക്വുർആനിൽ)നിന്ന് സൗകര്യപ്പെട്ടത് നിങ്ങൾ പാരായണം ചെയ്തുകൊള്ളുകയും നമസ്‌കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവിന്ന് ഉത്തമമായ കടം നൽകുകയും ചെയ്യുക..." (ക്വുർആൻ 73:20).

"നിങ്ങൾ നമസ്‌കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക. നിങ്ങളുടെ സ്വന്തം ഗുണത്തിനായി നിങ്ങൾ നല്ലതായ എന്തൊന്ന് മുൻകൂട്ടി ചെയ്താലും അതിന്റെ ഫലം അല്ലാഹുവിങ്കൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാകുന്നു" (ക്വുർആൻ 2:110).

"...ആകയാൽ നിങ്ങൾ നമസ്‌കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!" (ക്വുർആൻ 22:78).

### സമ്പത്തിനെ ശുദ്ധീകരിക്കാൻ

സകാത്ത് വ്യക്തിയെയും സമ്പത്തിനെയും ശുദ്ധീകരിക്കുന്നു. അല്ലാഹു പറയുന്നു: "അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്‌കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽനിന്ന് നീ വാങ്ങുകയും അവർക്കുവേണ്ടി (അനുഗ്രഹത്തിന്നായി പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർഥന അവർക്ക് ശാന്തിനൽകുന്നതത്രെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 9:103).

### ധനത്തിൽ കുറവു വരുത്തില്ല

ദാനം ചെയ്താലും സകാത്ത് നൽകിയാലും സമ്പത്ത് കുറഞ്ഞുപോകുമെന്ന ഭയമാണ് പലരെയും ഭരിക്കുന്നത്. പിശുക്കുള്ള മനസ്സ് അവരെ അതിനു സമ്മതിക്കില്ല.



നബിﷺ പറഞ്ഞു: "അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ചതിൽനിന്നും ഒരു ഈത്തപ്പഴമെങ്കിലും ആരെങ്കിലും ദാനം ചെയ്യുന്നുവെങ്കിൽ അല്ലാഹു തന്റെ വലതുകൈകൊണ്ട് അത് സ്വീകരിക്കുകയും നിങ്ങൾ നിങ്ങളുടെ കുതിരക്കുട്ടികളെ വളർത്തുന്നതുപോലെ വളർത്തി ഒരു മലയോളം വലുപ്പത്തിലാക്കുകയും ചെയ്യും"(ബുഖാരി, മുസ്‌ലിം).

## നൽകാത്തവർ ഭീകരമായി ശിക്ഷിക്കപ്പെടും

ഇസ്‌ലാം ആരാണ് സകാത്ത് നൽകാൻ അർഹതയുള്ളവർ എന്ന് പഠിപ്പിച്ചിട്ടുണ്ട്. സകാത്ത് നൽകാനുള്ള സാമ്പത്തികശേഷിയുണ്ടായിട്ടും പിശുക്ക് കാണിച്ച് അത് നൽകാതിരിക്കുന്നവർക്കുള്ള ഭയാനകമായ ശിക്ഷയെക്കുറിച്ച് അല്ലാഹുവും റസൂലും ശക്തമായ മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്:

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാലചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു"(ക്വുർആൻ 3:180).

"സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ടതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക" (ക്വുർആൻ 9:34,35).

അബൂഹുറയ്‌റ(റ) നിവേദനം; നബിﷺ പറയുകയുണ്ടായി: "ആർക്കെങ്കിലും അല്ലാഹു ധനം നൽകുകയും അയാൾ അതിന്റെ സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അന്ത്യനാളിൽ ആ സ്വത്ത് ഒരു സർപ്പരൂപം പ്രാപിക്കുകയും അയാളുടെ ശരീരത്തിൽ വരിഞ്ഞു മുറുക്കുകയും കവിളുകളിൽ കൊത്തിക്കൊണ്ട് 'ഞാനാകുന്നു നീ കൂമ്പാരമാക്കിവെച്ചിരുന്ന സമ്പാദ്യ'മെന്ന് പറയുകയും ചെയ്യും. ശേഷം നബിﷺ ഈ ആയത്ത് ഓതിക്കേൾപിക്കുകയും ചെയ്തു: 'അല്ലാഹു തന്റെ ഔദാര്യത്തിൽനിന്നും നൽകിയിട്ടുള്ള സ്വത്തിൽനിന്ന് ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഉത്തമമാകുമെന്ന് വിചാരിക്കേണ്ടതില്ല. അല്ല, അതവർക്ക് തന്നെ വിനയായി മാറും. അവർ പിശുക്ക് കാണിച്ചിരുന്ന സമ്പത്ത് അന്ത്യനാളിൽ ഒരു മാലയായി അവർക്ക് ചാർത്തപ്പെടും. ആകാശഭൂമികളുടെ അനന്തരവകാശം അല്ലാഹുവിനുള്ളതാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുകയും ചെയ്യുന്നു" (ബുഖാരി).

അബൂഹുറയ്‌റ(റ) നിവേദനം; നബിﷺ പറഞ്ഞു: "സ്വർണത്തിന്റെയും വെള്ളിയുടെയും ഉടമസ്ഥർ അതിൽനിന്നും അർഹമായ സകാത്ത് നൽകുന്നില്ലെങ്കിൽ അന്ത്യദിനത്തിൽ പ്രസ്തുത സമ്പത്തുകൾ കൊണ്ട് തകിടുകളാക്കുന്നതും അവ പഴുപ്പിച്ച് അവരുടെ മുതുകിലും നെറ്റിയിലും ചൂടുപിടിപ്പിക്കുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം വീണ്ടും ചൂടുപിടിപ്പിക്കുന്ന പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കും. എഴുപതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ അല്ലാഹു തന്റെ അടിമകൾക്കിടയിൽ വിധി തീർ

> **ഉൽപന്ന കൈമാറ്റവും പണവും മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽവെച്ച് ഏറ്റവും സുപ്രധാനമാണ്. അതിന്റെ സാന്നിധ്യത്തിലെ സൗകര്യങ്ങളും അതിന്റെ അഭാവത്തിലെ ബുദ്ധിമുട്ടുകളും പഠനവിധേയമാക്കിയാൽ നമുക്കിത് ബോധ്യമാകും. സാമ്പത്തികശാസ്ത്രത്തിൽ പണവും അതിന്റെ ധർമങ്ങളും ഒരു ചർച്ചാവിഷയമാണ്. പണം എന്നാൽ എന്താണ് എന്നും അത് എന്തിനുള്ളതാണെന്നും അത് എന്തെല്ലാം ധർമങ്ങൾ നിർവഹിക്കുന്നുവെന്നും അത് എന്തെല്ലാം ചെയ്യുന്നില്ലെന്നും എന്തിനെല്ലാം പറ്റുകയില്ലെന്നും പ്രതിപാദിക്കപ്പെടുന്നു. പണത്തിന്റെ അടിസ്ഥാന ധർമങ്ങൾ സാമ്പത്തികശാസ്ത്രം വിശദമാക്കുന്നത് മനസ്സിലാക്കിയാൽ പണം പലിശക്ക് കടം കൊടുക്കുന്നതിലെ അർഥശൂന്യതയും അത് നിരോധിച്ചതിലെ മാനവികതയും പ്രകടമാവുകയും ചെയ്യും.**

പ്പുകൽപിക്കുന്നതുവരെ അതു നീണ്ടു നിൽക്കുകയും ചെയ്യും. അവസാനം വിചാരണക്കു ശേഷം അയാൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കപ്പെടുകയും ചെയ്യും. അതു കേട്ട് ഒരാൾ നബിﷺയോട് ചോദിച്ചു: 'ഒട്ടകമായിരുന്നു അയാളുടെ സമ്പാദ്യമെങ്കിലോ?' നബിﷺ പറഞ്ഞു: 'ഒട്ടകമാണെങ്കിലും ശരി, വെള്ളം നൽകുന്ന ദിവസം അതിനെ കറന്നെടുക്കുക എന്നതും അതിനോടുള്ള കടമകളിൽ പെട്ടതാണ്. അതയാൾ നിർവഹിച്ചിട്ടില്ലെങ്കിൽ അവയ്ക്ക് വിശാലമായ ഒരു സമതലം വിട്ടുകൊടുക്കുകയും അതിൽ ഒരു ചെറിയ ഒട്ടകക്കുട്ടി പോലും കുറവില്ലാതെ അവയുടെ കുളമ്പുകൾ കൊണ്ട് അയാളെ ചവിട്ടി മെതിക്കുകയും കടിച്ചു പറിക്കുകയും ചെയ്യും. ഒട്ടകങ്ങളെല്ലാം കടന്നുപോയിക്കഴിഞ്ഞാൽ അതിന്റെ ആദ്യം വീണ്ടും മടങ്ങിവന്നുകൊണ്ടിരിക്കും. അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ ആ പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. വിചാരണക്കു ശേഷം അയാളെ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുകയും ചെയ്യും" (മുസ്‌ലിം, അബൂദാവൂദ്).



## സകാത്ത് നൽകാതിരിക്കുന്നതിന്റെ വിധി

സകാത്ത് നിർബന്ധമാണെന്ന വിഷയത്തിൽ മുസ്‌ലിം ലോകത്തിന്റെ ഏകകണ്ഠമായ അഭിപ്രായമുണ്ട്. സകാത്ത് നിർബന്ധമില്ലെന്നു പറയുന്നവൻ ഇസ്‌ലാമിൽനിന്നു പുറത്തു പോയതായി ഗണിക്കപ്പെടുക പോലും ചെയ്യും! എന്നാൽ സകാത്ത് നിർബന്ധമാണെന്ന വിശ്വാസത്തോടെ അത് നൽകാതിരിക്കുന്നവർ ഇസ്‌ലാമിൽനിന്നു പുറത്ത് പോവുകയില്ല. അത്തരക്കാരുടെ സമ്പത്തിൽനിന്നും ബലപ്രയോഗത്തിലൂടെ തന്നെ സകാത്ത് വാങ്ങൽ ഇസ്‌ലാമിക ഭരണാധികാരിയുടെ ബാധ്യതയാണ്.

നബിﷺ പറഞ്ഞു: "ജനങ്ങൾ തൗഹീദ് അംഗീകരിക്കുകയും നമസ്കാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യാൻ എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. അത്രയും നിർവഹിക്കാൻ അവർ സന്നദ്ധമായാൽ അവരുടെ സ്വത്തും ശരീരവും വിശുദ്ധമായി ഗണിക്കപ്പെടും. ഇസ്‌ലാം അനുവദിച്ച കാരണം കൂടാതെ അവർക്കെതിരെ യാതൊരുവിധ കയ്യേറ്റവുമുണ്ടാകില്ല. എന്നാൽ അവരെ (മാനസികമായ നിലപാടുകൾക്കനുസരിച്ച് അന്ത്യനാളിൽ) വിചാരണ ചെയ്യുന്നതും ശിക്ഷ-രക്ഷ നടപടികൾ കൈക്കൊള്ളുന്നതും അല്ലാഹുവായിരിക്കും"(ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റؓ നിവേദനം: "നബിﷺ ഇഹലോകവാസം വെടിയുകയും അബൂബക്ർؓ ഭരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ അറബികളിൽനിന്ന് ഒരുപാടാളുകൾ മതപരിത്യാഗികളായി മാറുകയുണ്ടായി. (അബൂബക്ർؓ അവരോട് യുദ്ധം ചെയ്യാൻ സന്നദ്ധമാവുകയും ചെയ്തു). അതിനെ വിമർശിച്ചുകൊണ്ട് 'ജനങ്ങൾ തൗഹീദ് അംഗീകരിച്ചാൽ അവരോട് യുദ്ധം ചെയ്യാൻ പാടില്ലെന്ന് നബിﷺ പറഞ്ഞിരിക്കെ താങ്കൾ എങ്ങനെയാണ് അവരോട് പോരാടുക' എന്നു ഉമർؓ ചോദിച്ചു. അപ്പോൾ അബൂബക്ർؓ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നമസ്കാരവും സകാത്തും വേർതിരിക്കുന്നവരോട് ഞാൻ യുദ്ധം ചെയ്യുകതന്നെ ചെയ്യും. അവർ നബിﷺയുടെ കാലഘട്ടത്തിൽ സകാത്തായി നൽകിയിരുന്നത് ഒരു ഒട്ടകക്കുട്ടിയെയായിരുന്നെങ്കിൽ അത് നൽകുന്നതുവരെ ഞാൻ അവരോട് പോരാടും. കാരണം ശരീരത്തിന്റെ മേൽ നമസ്കാരം ബാധ്യതയായ പോലെ സമ്പത്തിൽനിന്നു സകാത്ത് നൽകലും ബാധ്യതയാണ്.' അതോടെ എനിക്കും അബൂബക്റിؓനെ പോലെ ആ കാര്യം ശരിയാണെന്ന് ബോധ്യമായി" (ബുഖാരി, മുസ്‌ലിം).

## സകാത്തിന്റെ അവകാശികൾ

സകാത്തിന്റെ അവകാശികൾ ആരെന്ന് അല്ലാഹുതന്നെ വ്യക്തമാക്കിത്തരുന്നത് കാണുക: "ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അ

ഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" (ക്വുർആൻ 9:60).

## ഉദാത്തമായ കാരുണ്യസ്പർശം

എല്ലാ മനുഷ്യർക്കും അല്ലാഹു ഒരേ സാമ്പത്തികാവസ്ഥയല്ല നൽകിയിരിക്കുന്നത്. മനുഷ്യരുടെ ഉപജീവനമാർഗവും വ്യത്യസ്തമാണ്. അല്ലാഹു പറയുന്നു:

"ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 42:12).

സമ്പത്താകുന്ന ദൈവികാനുഗ്രഹം സഹജീവികൾക്കുവേണ്ടി പങ്കുവയ്ക്കാനുള്ള സന്മനസ്സുണ്ടാവുക എന്നതാണ് പ്രധാനം. അല്ലാഹു പറയുന്നു:

"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു. എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്നു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്കു കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചുതള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കി കൊടുക്കുന്നതാണ്. അവൻ നാശത്തിൽ പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല" (ക്വുർആൻ 92:4-11).

മനുഷ്യരെ സംബന്ധിച്ചിടത്തോളം ഐഹിക ജീവിതം പരീക്ഷണഘട്ടമാണ്. തനിക്ക് സർവശക്തൻ കനിഞ്ഞുനൽകിയ ജീവൻ, ആരോഗ്യം, സമ്പത്ത് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങൾക്കും പകരമായി ആ സ്രഷ്ടാവിനോട് നന്ദികാണിക്കുക എന്നത് അവന്റെ കടമയാണ്. ചിലരെ സമ്പന്നരും മറ്റു ചിലരെ ദരിദ്രരുമായി മാറ്റിയതും അവർക്കുള്ള പരീക്ഷണമാണ്. ഏത് അവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കുക എന്നത് സത്യവിശ്വാസികൾക്കുണ്ടായിരിക്കേണ്ട സദ്ഗുണമാണ്.

ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്.

**"സമ്പത്ത് അല്ലാഹു നൽകുന്നതാണ്. അതിന്റെ പേരിൽ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശമില്ല. ഞാൻ അധ്വാനിച്ചുണ്ടാക്കിയതാണ്, എന്റെ വിയർപ്പിന്റെ വിലയാണ്, അത് എനിക്കും കുടുംബത്തിനും അനുഭവിക്കാനുള്ളതാണ് എന്നൊക്കെ പറഞ്ഞ് ഐഛികമായ ദാനവും നിർബന്ധദാനമായ സകാത്തും നൽകാതിരിക്കുന്നവരുണ്ട്. ഏതൊരു സമ്പന്നനെയും നിമിഷങ്ങൾക്കകം ദരിദ്രനാക്കി മാറ്റുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഓർക്കണം."**

## പാവങ്ങളുടെ അവകാശം

സമ്പത്ത് അല്ലാഹു നൽകുന്നതാണ്. അതിന്റെ പേരിൽ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശമില്ല. ഞാൻ അധ്വാനിച്ചുണ്ടാക്കിയതാണ്, എന്റെ വിയർപ്പിന്റെ വിലയാണ്, അത് എനിക്കും കുടുംബത്തിനും അനുഭവിക്കാനുള്ളതാണ് എന്നൊക്കെ പറഞ്ഞ് ഐഛികമായ ദാനവും നിർബന്ധദാനമായ സകാത്തും നൽകാതിരിക്കുന്നവരുണ്ട്. ഏതൊരു സമ്പന്നനെയും നിമിഷങ്ങൾക്കകം ദരിദ്രനാക്കി മാറ്റുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഓർക്കണം.

നിശ്ചിത സമ്പത്തുള്ളവൻ അതിൽനിന്ന് സകാത്തായി ഒരു നിശ്ചിത ഓഹരി നൽകണമെന്ന് അല്ലാഹുവാണ് കൽപിക്കുന്നത്. അത് നൽകുന്നവൻ തന്റെ ഔദാര്യമാണെന്ന് വിചാരിക്കുവാനും പാടില്ല. പാവങ്ങളുടെ അവകാശമാണ് അതെന്ന തിരിച്ചറിവാണ് വേണ്ടത്. ആ തിരിച്ചറിവുള്ളവൻ സമയമായാൽ എത്രയും പെട്ടെന്ന് തന്റെ നിർബന്ധ ബാധ്യത കൊടുത്തുതീർക്കുവാനും അതുവഴി തന്റെ സമ്പത്തിനെ ശുദ്ധീകരിക്കുവാനും ശ്രദ്ധ പുലർത്തുമെന്നതിൽ സംശയമില്ല.



കവിത

നാസർ അടുമാറി, ഐക്കരപ്പടി
nasaradumari@gmail.com

# കിരീടവും മുഖാവരണവും

എവിടെ നിന്നും
എപ്പോഴും ധരിക്കപ്പെടാം
ഈ കിരീടം.
മെയ്ഡ് ഇൻ ചൈന,
ഫ്രം വുഹാൻ.
എന്നിട്ടും,
ഭംഗിയുള്ള ഈ കിരീടം
ആർക്കും വേണ്ടാ!
അണിയിക്കപ്പെട്ടവരെ
കണ്ടാൽ തിരിച്ചറിയില്ല.
അടുത്താൽ,
തൊട്ടാൽ,
മിണ്ടിയാൽ,
പകർന്നുതരും
ഈ മുൾക്കിരീടം.
രാജാവും പ്രജകളും
വാതിൽ അടച്ചിരിപ്പായി
ഈ കിരീടധാരണം ഭയന്ന്!
ഇതിനകം
ധരിച്ചവർ പലരും
വലിമുട്ടി ഒടുങ്ങി.
മിനുക്കിത്തുടച്ച്
മേനിനടിച്ച മുഖത്തിന്ന്
സദാ ആവരണം
കണ്ണിൽകാണാ കിരീടഭീതി!
മാലിന്യമത്രയും
തന്മുന്നിൽ നിന്ന്
പൊതുപാതയോരത്ത്
തള്ളുന്ന മാന്യൻ
കളങ്കക്കൈയും
സാനിറ്റൈസ് ചെയ്യുന്നു.
പുഞ്ചിരിക്കാൻ മടിക്കുന്ന
ചില സോഷ്യൽവർക്കർമാർക്കും
സോഷ്യൽ ഡിസ്റ്റൻസും
മുഖാവരണവും ഒരു പുതുമറ
കിട്ടിയ ആശ്വാസം.
സോപ്പിട്ടാൽ
കിരീടം കൂടെ പോരില്ലെന്ന്
ശാസ്ത്ര മതം.
ഇതിനിടയിൽ
ഒരു പ്രധാനി
പാത്രം കൊട്ടി
കീരീടമഴിക്കുന്നതും
കണ്ടു പത്രത്തിൽ!
തിരുത്തലിനുള്ള
ഉണർത്തലാണെന്ന്
ആത്മീയ മതം.
ഈ മുൾക്കിരീടം
വേണ്ടാ നമുക്ക്.
നഷ്ടപ്പെട്ട പലതും
എടുത്തണിയണം നാം.
ഇപ്പോഴല്ലെങ്കിൽ
പിന്നെ എപ്പോഴെന്ന
ചോദ്യം ബാക്കി.

# SUPPORT JAMIA KNOWLEDGE

## കാവലിരിക്കാം നമുക്കീ വിളക്കുമാടത്തിന്

പ്രായ – ലിംഗ – ദേശ ഭേദമന്യേ ഏതൊരാൾക്കും ഇസ്‌ലാമിക വിജ്ഞാനങ്ങൾ വ്യവസ്ഥാപിതമായി കരസ്ഥമാക്കാൻ സാധ്യമാകുന്ന ഈ വിജ്ഞാന പ്രവാഹത്തിന് ഒരു കുമ്പിൾ കൊണ്ടെങ്കിലും സഹായമേകുക

### വക്വ്ഫ്

വാടക ലഭിക്കുന്ന കെട്ടിടങ്ങളുടെ ഒരു ഭാഗം/ വാടകയുടെ നിശ്ചിത വിഹിതം ജാമിഅഃക്ക് വഖ്ഫായി നൽകുക

### മുസാഅദ

പ്രതിദിനം/പ്രതിമാസം/ പ്രതിവർഷം എന്നിങ്ങനെ നിങ്ങൾക്ക് ചെയ്യാവുന്ന വല്ലതും – അതെത്ര ചെറുതാണെങ്കിലും – വരിസംഖ്യയായി നൽകുക. കൂടാതെ സ്ഥാപനത്തിലെ ഒരു ദിവസത്തെ ഭക്ഷണം/ ഒരു കുട്ടിയുടെ ഒരു ദിവസത്തെ ഭക്ഷണം/സ്റ്റാഫ് സാലറി തുടങ്ങി ഏത് ഭാഗവും ഏറ്റെടുക്കാം

### കഫാല

ഒരു വിദ്യാർത്ഥിയുടെ പഠന ചെലവുകൾ ഏറ്റെടുക്കുക. ഒരു വിദ്യാർത്ഥിയുടെ ഭക്ഷണ ചെലവ് മാത്രമായോ മുഴുവൻ ചെലവുകളോ പ്രതിമാസം ഏറ്റെടുക്കുക

### ജാരിയ

സ്ഥിര വരുമാനത്തിൽ നിന്ന് നിശ്ചിത വിഹിതം പ്രതിമാസം/പ്രതിവർഷം ജാമിഅഃക്ക് നൽകുക

VISION 2030



**For More Details:**

+919288098300

**Account Details:**

Jamia Al Hind Al Islamiya Trust
A/C: 4691201000026
Canara Bank, Vengara Branch
IFSC: CNRB0004691

Jamia Al Hind Al Islamiyya
Wadi Al Hikma, Mini Ootty
Oorakam, Malappuram, Kerala, 676519
+91 9288 098 302 | www.jamiaalhind.com

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

18

അപകടവിവരം ഭാര്യയോടും ബന്ധുക്കളോടുമെല്ലാം വിശദമായിപ്പറഞ്ഞു. പിറ്റേന്ന് ഒരാൾ വന്ന് എന്നോടു പറഞ്ഞു: “കുഞ്ഞുമോൻ നിന്നെ ഇന്നുതന്നെ കാണണമെന്നു നിർബന്ധം പിടിക്കുന്നു. ആശുപത്രിവരെ ഒന്നു പോകണം.”

“ശരി, ഞാൻ പോകാം” ഞാൻ സമ്മതിച്ചു.

പക്ഷേ, അടുത്തദിവസം പോകാൻ സാഹചര്യമുണ്ടായില്ല. മൂന്നാം ദിവസം ഞാൻ ആശുപത്രിയിലേക്ക് യാത്രതിരിച്ചു. ബസ്സ്റ്റാന്റിൽ ആശുപത്രിയിലേക്കുള്ള ബസ് കാത്തുനിൽക്കുമ്പോൾ അടുത്ത പ്രദേശവാസികളായ രണ്ട് സുഹൃത്തുക്കൾ അടുത്തുവന്നു ചോദിച്ചു:

“ആശുപത്രിയിലേക്കാണോ? കുഞ്ഞുമോന്റെ അടുത്തേക്ക്?”

"അതെ, നിങ്ങൾ വരുന്നോ?"

"ഇല്ല. ഞങ്ങൾ രാവിലെ പോയി കണ്ട് മടങ്ങിവരികയാണ്. നിങ്ങൾ ഇനി ആശുപത്രിയിലേക്ക് പോകേണ്ട. അവൻ ഡിസ്ചാർജായി വീട്ടിലേക്ക് തിരിച്ചുപോയിട്ട് ഒരു മണിക്കൂർ ആയിട്ടില്ല. നിങ്ങൾ അവരുടെ വീട്ടിലേക്ക് പോകുക."

ഹോ... സമാധാനമായി, ആൾ രക്ഷപ്പെട്ടല്ലോ!

"എങ്ങനെയുണ്ട് അളിയന്? പഴയ ആൾതന്നെയായോ?"

"ഇപ്പോൾ പഴയ ആളല്ല. പുതിയ ആളായി മാറി!" പെട്ടെന്നയാളുടെ മുഖഭാവം മാറി!

"എന്താ...? എന്തുപറ്റി? കുഞ്ഞുമോന് കുറവില്ലേ?"

"എല്ലാം ഭേദമായിരുന്നു; ഇന്നലെവരെ. സംസാരവും ചിരിയുമൊക്കെയായിരുന്നു. നാളെ ഡിസ്ചാർജായി വീട്ടിൽ പോകാനിരുന്നതാണ്. പക്ഷേ..."

"ഒന്ന് തെളിച്ച് പറയൂ, എന്തുപറ്റി?"

"ഇന്ന് പുലർച്ചെ അയാൾ മരിച്ചു. ബോഡി വീട്ടിലേക്ക് കൊണ്ടുപോയിട്ടുണ്ട്."

ഞാൻ ആകെ തകർന്നുപോയി. വാടകവീട്ടിലേക്കുതന്നെ തിരിച്ചു. എന്റെ ബന്ധുവും ബാല്യകാലകളിക്കൂട്ടുകാരനുമായ അളിയന്റെ ശവശരീരമെങ്കിലും അവസാനമായി കാണുക എന്നാഗ്രഹിച്ച് ഞങ്ങളെല്ലാം നാട്ടിലേക്ക് തിരിച്ചു.

ബസുകൾ പലതും കയറിയിറങ്ങി കുഞ്ഞുമോന്റെ വീട്ടിലെത്തിയപ്പോൾ നിരാശനായി. അരമണിക്കൂർ മുമ്പ് അയാളെ മറവുചെയ്തിരുന്നു. എങ്കിലും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നു. കുഞ്ഞുമോന്റെ ഭാര്യയോട് ചോദിച്ചു:

"കുഞ്ഞുമോന് എന്ത് സംഭവിച്ചതാണ്?"

"എടാ... അളിയൻ കാട്ടിൽ പോയി മദ്യം വാറ്റി ആവശ്യത്തിനു കുടിച്ചു തിരിച്ചുവന്നപ്പോഴാണ് ബാങ്ക് വിളിക്കുന്നതു കേട്ടത്. നിങ്ങൾ പള്ളി പൊളിച്ചില്ലെന്നു പറഞ്ഞാണ് അന്ന് ആ ചീത്തയെല്ലാം വിളിച്ചത്. ഞാൻ ചെന്നു വിളിച്ചതാ, എന്നെ ഓടിച്ചു. അളിയന്റെ സ്വഭാവം നിനക്കറിയാമല്ലോ. മഴ പെയ്തപ്പോൾ വീട്ടിലേക്ക് ഓടിപ്പോന്നതാണെന്നു പറഞ്ഞു. കാലുതെറ്റി കയ്യാലക്കുഴിയിൽ വീണു. പിടലി ഒടിഞ്ഞിരുന്നു. രാത്രിയിലെ തുള്ളിതോരാത്ത മഴ മുഴുവൻ നനഞ്ഞു മരവിച്ചുപോയി. രാത്രി മുഴുവൻ ഞങ്ങൾ അയൽവീടുകളിലെല്ലാം പോയി തിരക്കിയതാണ്. അളിയൻ കിടന്ന കയ്യാലക്കുഴിയുടെ മുകളിലൂടെയാ അങ്ങോട്ടുമിങ്ങോട്ടും നടന്നുപോയത്. പക്ഷേ, ആരും കണ്ടില്ല. രാവിലെ കാണുമ്പോൾ നാക്ക് വെളിയിൽ ചാടി കടിച്ചുപിടിച്ചിരിക്കുകയായിരുന്നു. നീറും ഉറുമ്പും വായിലും മൂക്കിലും കണ്ണിലുമെല്ലാം പൊതിഞ്ഞിരിക്കുകയായിരുന്നു. തൊണ്ടയിൽ ചൂടുവെച്ചപ്പോഴാ കാല് അനക്കിയത്. ആശുപത്രിയിൽവച്ച് എല്ലാം സുഖമായതാ. പിടലിക്ക് മാത്രമെ കുഴപ്പമുണ്ടായിരുന്നുള്ളൂ. ബെൽറ്റും ഇട്ടതാ. രണ്ടുദിവസം കഴിയുമ്പോൾ വീട്ടിൽ പോകാമെന്നും ഡോക്ടർ പറഞ്ഞതാ. ഇന്നലെ വെളുപ്പിന് എന്നെ വിളിച്ചു. എന്തോ പറയാൻ തുടങ്ങി. പക്ഷേ, പറഞ്ഞില്ല. പിടഞ്ഞു മരിച്ചു. ബോധം തെളിഞ്ഞപ്പോൾ മുതൽ നിന്നെ കാണണമെന്ന് ഒരുപാട് തവണ പറഞ്ഞു. നീ ഒന്നു വന്നില്ലല്ലോ."

"സഹോദരീ, ഞാൻ വരാൻ താമസിച്ചത് മനഃപൂർവ്വമല്ല. വണ്ടിക്കൂലി എടുക്കാനില്ലാത്ത അവസ്ഥയാണിപ്പോൾ. ഇന്നലെ പകുതിവഴി വന്നതാ."

"എടാ... നിങ്ങളെ ചീത്ത വിളിച്ചതിന് അളിയന് നല്ല വിഷമമുണ്ട്. എ

"...അളിയൻ കാട്ടിൽ പോയി മദ്യം വാറ്റി ആവശ്യത്തിനു കുടിച്ചു തിരിച്ചുവന്നപ്പോഴാണ് ബാങ്ക് വിളിക്കുന്നതു കേട്ടത്. നിങ്ങൾ പള്ളി പൊളിച്ചില്ലെന്നു പറഞ്ഞാണ് അന്ന് ആ ചീത്തയെല്ലാം വിളിച്ചത്. മഴ പെയ്തപ്പോൾ വീട്ടിലേക്ക് ഓടിപ്പോന്നതാണെന്നു പറഞ്ഞു. കാലുതെറ്റി കയ്യാലക്കുഴിയിൽ വീണു. പിടലി ഒടിഞ്ഞിരുന്നു. രാത്രിയിലെ തുള്ളിതോരാത്ത മഴ മുഴുവൻ നനഞ്ഞു മരവിച്ചുപോയി. രാത്രി മുഴുവൻ ഞങ്ങൾ അയൽവീടുകളിലെല്ലാം പോയി തിരക്കിയതാണ്. അളിയൻ കിടന്ന കയ്യാലക്കുഴിയുടെ മുകളിലൂടെയാ അങ്ങോട്ടുമിങ്ങോട്ടും നടന്നുപോയത്. പക്ഷേ, ആരും കണ്ടില്ല. രാവിലെ കാണുമ്പോൾ നാക്ക് വെളിയിൽ ചാടി കടിച്ചുപിടിച്ചിരിക്കുകയായിരുന്നു. നീറും ഉറുമ്പും വായിലും മൂക്കിലും കണ്ണിലുമെല്ലാം പൊതിഞ്ഞിരിക്കുകയായിരുന്നു. തൊണ്ടയിൽ ചൂടുവെച്ചപ്പോഴാ കാല് അനക്കിയത്. ആശുപത്രിയിൽവച്ച് ഇന്നലെ വെളുപ്പിന് എന്നെ വിളിച്ചു. എന്തോ പറയാൻ തുടങ്ങി. പക്ഷേ, പറഞ്ഞില്ല. പിടഞ്ഞു മരിച്ചു..."

ന്നോട് പറഞ്ഞു. നിങ്ങൾ രണ്ടും കൂടെപ്പിറപ്പുകളെപ്പോലെ നടന്നതല്ലേ? നീ മതം മാറിയതിന്റെ പിണക്കമായിരുന്നു.''

''അളിയൻ ഏതെല്ലാം കാട്ടിലും പാറക്കെട്ടിലും പോകുന്നതാ.... ഒരു ചെറിയ വീഴ്ചയിൽ ഇങ്ങനെ സംഭവിച്ചത്?''

''മഴ വന്നപ്പോൾ ഓടിയതാ. പൂസല്ലേ? ചവിട്ടിയ കല്ലും മറിച്ചോണ്ടാ കയ്യാലക്കുഴിയിൽ വീണത്. പിടലി കല്ലിലാ അടിച്ചത്. ഒത്തിരി പ്രാവശ്യം തപ്പിപ്പിടിച്ച് എഴുന്നേറ്റപ്പോൾ തല നേരെ നിൽക്കുന്നില്ലായിരുന്നു. ഒരുപാട് നേരം വിളിച്ചെന്നും പറഞ്ഞു. ചതച്ചു കുത്തിപ്പെയ്യുന്ന പെരുമഴയത്ത് ആര് കേൾക്കാനാ? നിങ്ങളാരേലും വല്ലതും ചെയ്തതാണോയെന്നു ചിലരൊക്കെ സംശയം പറഞ്ഞു. പറഞ്ഞവരെ നല്ല ചീത്തയാ അളിയൻ കേൾപിച്ചത്. നിങ്ങളെ അത്രയും ചീത്ത പറഞ്ഞിട്ടും ഒരക്ഷരം നിങ്ങളാരും തിരിച്ചു പറഞ്ഞില്ലല്ലോ? അതു പറഞ്ഞായിരുന്നു അളിയന്റെ സങ്കടം.''

'എല്ലാം ദൈവവിധിയാണെന്നു സമാധാനിക്കാം' എന്ന ആശ്വാസവാക്കും പറഞ്ഞ് മടങ്ങി.

### എല്ലാം ഏകനായ അല്ലാഹുവിൽനിന്ന്

മുസ്‌ലിം ഏരിയയിലുള്ള നാലുവർഷക്കാല ജീവിതം ഒരു വഴിത്തിരിവായിരുന്നു. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കൂടുതൽ അടുത്തറിയാനും പഠിക്കാനും അവസരങ്ങൾ ലഭിച്ചു. മുഹമ്മദ് നബിﷺയെ നേരിട്ടു കണ്ടപോലുള്ള അനുഭവങ്ങളായിരുന്നു അവിടെനിന്നും ലഭിച്ച സ്‌നേഹവും സഹകരണങ്ങളും സമ്മാനിച്ചത്.

'നിങ്ങൾ ഒരു ചീർപ്പിന്റെ പല്ലുകൾ പോലെയാണ്. നിങ്ങളിൽ ചെറിയവനും വലിയവനുമില്ല. കറുത്തവനോ വെളുത്തവനോ എന്നു നോക്കി പ്രത്യേക പരിഗണനയോ സ്ഥാനമാനങ്ങളോ ഇല്ല. നിങ്ങളെല്ലാം തുല്യരത്രെ' എന്നൊക്കെ നബിﷺ പറഞ്ഞിട്ടുണ്ടല്ലോ. പൗരോഹിത്യം ഇസ്‌ലാം അനുവദിക്കുന്നില്ല. നേർച്ചകളും കാഴ്ചകളും സമർപ്പിച്ച് ആരെയും തൃപ്തിപ്പെടുത്തേണ്ടതോ വണങ്ങേണ്ടതോ ഇല്ല.

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിന് കീഴ്‌പ്പെട്ട് മുഹമ്മദ് നബിﷺയുടെ ചര്യകൾ പിൻപറ്റി ആര് ജീവിക്കുന്നുവോ അവൻതന്നെ ഉന്നതൻ. നാലുവർഷം മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് താമസിച്ചിട്ട് ഞങ്ങളുടെ മുമ്പുള്ള ജാതിയെക്കുറിച്ച് ആരും ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. പുതു മുസ്‌ലിമെന്നോ അവശ മുസ്‌ലിമെന്നോ ആരും പറഞ്ഞിട്ടില്ല. ആഹാരം പുറംതിണ്ണയിലിരുന്നു കഴിക്കുകയോ കഴിച്ച പാത്രം കഴുകിക്കൊടുക്കുകയോ ചെയ്യേണ്ടിവന്നിട്ടില്ല. ഏത് വേദികളിലും മുൻനിരയിലേക്ക് അടുപ്പിച്ച് നിർത്തിയിട്ടുള്ള അനുഭവങ്ങളേ ഓർമിക്കാനും പറയാനുമുള്ളൂ.

പണ്ഡിതന്മാരും ഉന്നതന്മാരും നേതാക്കളുമെല്ലാം എന്റെ ഭാര്യ തയ്യാറാക്കിയ ഭക്ഷണം ഇഷ്ടാനുസരണം കഴിച്ചിട്ടുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ട സന്ദർഭങ്ങളിൽ ചോദിക്കാതെ അറിഞ്ഞുതന്ന് സഹായിച്ചിട്ടുണ്ട്.

മറ്റൊരിടത്തും ലഭിക്കാത്ത അംഗീകാരവും സമത്വവും സ്‌നേഹാദരവുകളും ലഭിച്ചപ്പോൾ ഞങ്ങൾ ഒരു യാഥാർഥ്യം തിരിച്ചറിഞ്ഞു; ഞങ്ങൾ അടിമകളല്ല, സ്വതന്ത്രരാണ്. സമസൃഷ്ടികളുടെ പാദസേവ ചെയ്യേണ്ടവരോ അവരെ വന്ദിക്കേണ്ടവരോ അല്ല, തൊഴുകൈ കൂപ്പേണ്ടവരല്ല, തലകുനിക്കേണ്ടവരല്ല. അടിമത്തത്തിൽനിന്നും അനാചാരങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും വിവേചനങ്ങളിൽനിന്നും മോചനം ലഭിച്ചിരിക്കുന്നു. അജ്ഞതകളുടെ പുകമറകൾ പുകഞ്ഞു മാറിയിരിക്കുന്നു.



## വില്ലാളിവീരന്റെ ദുർവിധി

എന്റെ അമ്മയുടെ മൂന്നു സഹോദരങ്ങളിൽ ഇളയതാണ് രാമൻ തങ്കപ്പൻ എന്ന പിന്തുടർച്ചാവകാശി. ശബരിമലയുമായി ബന്ധപ്പെട്ട തലപ്പാറമല ദേവൻ കൊച്ചുവേലൻ (വില്ലാളി വീരൻ-സ്വന്തം അമ്മാവൻ). ഹൈന്ദവാചാര ഗുരു. കുടുംബാംഗങ്ങളുടെ മതംമാറ്റം ഒരുവിധത്തിലും അംഗീകരിക്കാൻ അയാൾ തയ്യാറല്ലായിരുന്നു. ഞങ്ങളെയെല്ലാം തിരിച്ചുകൊണ്ടുപോകാനുള്ള ഓരോ ശ്രമവും പരാജയപ്പെടുമ്പോൾ കലിപൂണ്ട് അടുത്ത പദ്ധതിയുമായി അയാൾ മുന്നിട്ടിറങ്ങും.

പുറത്തുനിന്ന് വരുന്ന അക്രമിസംഘത്തിന് ഭക്ഷണവും തമ്പടിക്കാനുള്ള സൗകര്യങ്ങളും ഞങ്ങളുടെ വിവരങ്ങളുമെല്ലാം കൊടുത്തിരുന്നത് അമ്മാവനാണ്. സമാധാന ചർച്ചകൾ എല്ലാം പരാജയപ്പെട്ടപ്പോൾ അക്രമമാർഗത്തിന് തീകൊളുത്തുകയാണീ സ്വാമി ഭക്തൻ ചെയ്തത്!

മനഃസമാധാനത്തോടെ പിറന്നനാട്ടിലേക്ക് മടങ്ങിപ്പോകാൻ വെമ്പൽകൊള്ളുകയാണ്. പ്രായമായ മാതാപിതാക്കൾ മാത്രമെ നാട്ടിലുള്ളൂ. ഇസ്‌ലാം സ്വീകരിച്ചവരെല്ലാം നാടുവിട്ടിരുന്നു.

വർഷം 2000ലെ പരിശുദ്ധ റമദാൻ മാസം വന്നു. നോമ്പിന് കുറച്ചുദിവസം ഞങ്ങളുടെ ഒപ്പം താമസിക്കുവാൻ മാതാപിതാക്കളെ വിളിച്ചിരുന്നു. നോമ്പ് രണ്ടിന് ഞങ്ങളുടെ അടുത്തേക്കു വരാൻ അവർ വീട്ടിൽനിന്ന് യാത്രയ്ക്ക് ഇറങ്ങുമ്പോൾ അതാ വരുന്നു ഊരിപ്പിടച്ച വാളുമായി, അട്ടഹസിച്ചുകൊണ്ട് കൊച്ചുവേലൻ! വീട്ടുമുറ്റത്തു നിന്ന് ഉറഞ്ഞുതുള്ളുന്ന കൊച്ചുവേലന് അമ്മയുടെ വേഷം(പർദ)കൂടി കണ്ടപ്പോൾ കോപം ഇരട്ടിച്ചു. കയ്യിലിരുന്ന വാൾകൊണ്ട് അമ്മയുടെ മക്കന (തലയിലെ തട്ടം) കുത്തിമാറ്റാൻ ശ്രമിച്ചുകൊണ്ട് അലറി:

"ഊരെടീ നിന്റെ പുതിയ വേഷങ്ങളെല്ലാം."

പർദയിൽ പിടിച്ചു വലിച്ചുകൊണ്ട് ഒരേ ഗർഭാശയത്തിൽ പിറന്ന മൂത്ത സഹോദരിയെ തെറിയഭിഷേകം കൊണ്ട് പൊതിഞ്ഞു.

"നീ പോടാ! നീ പറയുമ്പോൾ ഊരാനുള്ളതല്ലീ വസ്ത്രം. അല്ലാഹുവിനെ അനുസരിച്ചാണിത് ധരിച്ചിരിക്കുന്നത്. നീ പോയി വേറെ പണി നോക്ക്."

"ആരാടീ... എവിടെയാടീ നിന്റെ അല്ലാഹു? കാണിച്ചു താടീ. ഈ വാളുകൊണ്ട് വെട്ടിയരിയുമെടീ" എന്ന് അലറിത്തുള്ളി വീടിനു ചുറ്റും അയാൾ ഓടിനടന്നു. ഭിത്തിയിലും തറയിലുമെല്ലാം തലങ്ങും വിലങ്ങും വെട്ടി. ബഹളം കേട്ട് ആൾക്കാരെല്ലാം ഓടിക്കൂടി.

ഉറഞ്ഞുതുള്ളിക്കൊണ്ട് വേലൻ പമ്പാനദിയിലേക്കോടി. ചെന്നപാടെ, വാളും പിടിച്ച് മൂന്നുപ്രാവശ്യം വെള്ളത്തിൽ മുങ്ങിപ്പൊങ്ങി. കിഴക്കുഭാഗത്തേക്ക് ദർശിച്ച് ആരാധനാമൂർത്തികളെയെല്ലാം വിളിച്ച് ആജ്ഞാപിക്കുകയായി:

"എന്റെ മൂർത്തികളേ, തലമുറ തലമുറകളായി നിങ്ങൾക്കെല്ലാം പാദസേവ ചെയ്തും ആരാധിച്ചും വരുന്നവരാണ് ഞങ്ങൾ. ഞാൻ ശബരിമല തലപ്പാറമല കോട്ടയിലേക്കു പോകുകയാണ്. ഇന്ന് നിങ്ങൾക്ക് സന്ധ്യാത്തിരി ഞാൻ കത്തിക്കണമെങ്കിൽ എന്റെ കൂടെപ്പിറപ്പിനെയും മക്കളെയും മുസ്‌ലിമായിപ്പോയ എല്ലാറ്റിനെയും ഒന്നില്ലാതെ തകർത്തിരിക്കണം. ഇല്ലാത്തപക്ഷം ഇനി ഞാൻ നിങ്ങൾക്ക് തിരി(ദീപം) കത്തിക്കില്ല. ഇത് സത്യം...സത്യം...സത്യം...! കൊച്ചുമലദേവന്റെ ശപഥം!"

സത്യംചെയ്ത ശേഷം പരിവാരങ്ങളുമായി ജീപ്പിൽകയറി ശബരിമല തലപ്പാറ മലകോട്ടയിലേക്കു പോയി.

ഉച്ചയോടുകൂടി 50 കിലോമീറ്റർ യാത്രചെയ്ത് മാതാപിതാക്കൾ ഞങ്ങളുടെ വീട്ടിലെത്തി. യാത്രാക്ഷീണമുള്ള ഞങ്ങളുടെ മാതാപിതാക്കൾക്ക് രഹസ്യമായി എന്തെങ്കിലും ഭക്ഷണം കൊടുക്കാൻ ഭാര്യയോട് പറഞ്ഞു.

"മോനെ, രണ്ടാമത്തെ നോമ്പല്ലേ? ഞങ്ങൾ ഇന്നലെയും നോമ്പ് പിടിച്ചിരുന്നു. ക്ഷീണം അല്ലാഹു മാറ്റും. നോമ്പ് തുറക്കാതൊന്നും വേണ്ട."

പിറ്റേദിവസം സുബ്ഹി കഴിഞ്ഞു മടങ്ങിവരുമ്പോൾ എന്നും പത്രം നോക്കാറുള്ള ഒരു കാക്കയുടെ കടയിൽനിന്നും ദിനപത്രം വായിച്ചു. പേജുകൾ മറിക്കുമ്പോൾ ഒരു മരണവാർത്ത ശ്രദ്ധയിൽപ്പെട്ടു. വാർത്ത വായിച്ചു കഴിഞ്ഞപ്പോൾ കുഴഞ്ഞുവീഴുമെന്നു തോന്നി. തലപ്പാറ മലവേലൻ വില്ലാളി രാമൻ തങ്കപ്പൻ അജ്ഞാത വാഹനമിടിച്ചു മരിച്ചു!

എന്താണിത് നാഥാ? ഹൃദയം പടാപടാ ഇടിച്ചു. വീട്ടിലേക്ക് നടന്നു. ഒന്ന് കരയാൻപോലും അമ്മാവന് മക്കളില്ല. എന്നെ എത്രകണ്ട് സ്നേഹിച്ചിരുന്നതാണ്! ഈ വാർത്ത സത്യമായി പുലരരുത് നാഥാ! അമ്മാവൻ സത്യം ബോധ്യപ്പെടാതെ മരിക്കരുത്. ഞങ്ങളെ ഒത്തിരി തീറ്റിപ്പോറ്റിയതാണ്... ഇങ്ങനെ പ്രാർഥിച്ചുകൊണ്ട് വീട്ടിലെത്തി.

എന്നെ കണ്ടപാടെ അമ്മ ചോദിച്ചു: “നിനക്കെന്തു പറ്റി? മുഖം വിളറിയിരിക്കുന്നു!”

“ഹോ, ഒന്നുമില്ല. ഉമ്മാ... ഇന്നലെ എന്താണ് വീട്ടിൽ അമ്മാവനുമായി പ്രശ്നമുണ്ടായത്?”ഞാൻ ചോദിച്ചു. അപ്പോൾ നടന്ന സംഭവമെല്ലാം അവർ വിവരിച്ചു. (അതാണ് മുകളിൽ കൊടുത്തത്).

“ഉമ്മാ, അമ്മാവനെ ശപിക്കുകയോ മറ്റോ ചെയ്തിരുന്നോ?”

“നീ പോടാ... എനിക്ക് അതിനു കഴിയുമോ? എന്റെ ഏറ്റവും ഇളയ കൂടെപ്പിറപ്പല്ലേ? അവന്റെ അറിവു കേടു കൊണ്ടു പറഞ്ഞതൊക്കെ ഞാൻ അപ്പോഴേ മറന്നു.”

അല്ലാഹുവേ, സ്വന്തം സഹോദരന്റെ ദുർമരണ വാർത്ത എങ്ങനെ സ്വന്തം സഹോദരിയോട് പറയും?

മാതാപിതാക്കളെയും മക്കളെയും വീട്ടിലാക്കി ഞാൻ നാട്ടിലേക്കു തിരിച്ചു. ഗ്രാമത്തിനടുത്തുള്ള ഒരു കവലയിൽ എത്തിയപ്പോൾ നൂറുകണക്കിന് ഹൈന്ദവ വിശ്വാസികളും കൊച്ചുവേലന്റെ ആരാധകരും ബോഡി വരുന്നതും കാത്ത് കൂടിനിൽക്കുകയാണ്.

ഞാൻ കടന്നുപോകുന്നത് കണ്ടപ്പോൾ അവിടെ നിന്ന ഉസ്താദ് എന്നെ വിളിച്ചു രഹസ്യമായിപ്പറഞ്ഞു:

“ഇപ്പോൾ നിങ്ങൾ പോകേണ്ടാ. ബോഡി കടന്നുപോയിട്ട്, ആൾക്കാരെല്ലാം പിരിഞ്ഞുപോയതിനുശേഷം പോയാൽ മതി.”

“എന്താ ഉസ്താദ്... പ്രശ്നം വല്ലതും ഉണ്ടോ?”

“പ്രശ്നം ഉണ്ട്. ഇന്നലെ രാവിലെ കൊച്ചുവേലൻ നിങ്ങളുടെ വീട്ടിൽ വന്നു പ്രശ്നങ്ങളുണ്ടാക്കുകയും വൈകീട്ട് മരിക്കുകയും ചെയ്തപ്പോൾ ചിലർക്കെങ്കിലും അമർഷം കാണാതിരിക്കില്ല. നമ്മളായിട്ട് ഒന്നിനും പോകേണ്ടാ. ഒഴിഞ്ഞുമാറുന്നതല്ലേ നല്ലത്? മാത്രമല്ല, കുഞ്ഞുമോന്റെ ദുർമരണവും വേലന്റെ ദുർമരണവും കൂട്ടിവായിക്കേണ്ടതുണ്ട്.”

“ശരി, ഞാൻ ഇപ്പോൾ പോകുന്നില്ല.”

ഒരു മണിക്കൂർ കഴിഞ്ഞിട്ടും ബോഡി എത്തിയില്ല. എന്തും വരട്ടെയെന്നു കരുതി ഞാൻ നടന്നു. ആൾകൂട്ടത്തിനു നടുവിലൂടെ മുന്നോട്ടുപോയി. പെട്ടെന്നതു സംഭവിച്ചു! കൊച്ചുവേലന്റെ ആരാധകനും സ്ഥിരം സന്ദർശകനുമായ ഒരാൾ എന്റെ ഷർട്ടിൽ കടന്നുപിടിച്ചു നിർത്തി.

“നീ എവിടെ പോകുവാ? സ്വാമിയുടെ(വേലന്റെ) കൂടെ നിന്നെയും ഇന്ന് കുഴിച്ചുമൂടുകയാടാ...”

പിടി വിടുവിപ്പിക്കുന്നതിനുള്ള ബലപ്രയോഗം നടക്കുമ്പോൾ ആൾക്കാർ വട്ടംകൂടാൻ തുടങ്ങി. രംഗം വഷളാകുന്നതുകണ്ട് കുറെ മുസ്‌ലിം യുവാക്കൾ അടുത്തുവന്നപ്പോൾ തിരിച്ചുപോകാൻ ഞാൻ ആവശ്യപ്പെട്ടു. ബലപ്രയോഗത്തിൽ അവൻ പിടിവിട്ടു.

“നിനക്കെന്താ പ്രശ്നം?”

“ഹും... പ്രശ്നമോ? ആ പാവം മനുഷ്യനെയും നിങ്ങൾ കൊന്നില്ലേ?”

“എങ്ങനെ, ആരു കൊന്നു?”

“നിനക്കൊന്നും അറിയില്ലല്ലേ? നിന്നെയൊക്കെ ആര് എതിർത്താലും അവരെയെല്ലാം മന്ത്രവാദം ചെയ്ത് വകവരുത്തുമല്ലേടാ? സ്വാമി വേലൻ ഇന്നലെ നിന്റ വീട്ടിൽ വന്നു സഹോദരിയോട് കാര്യമല്ലേ പറഞ്ഞുള്ളൂ? ആരെയും കൊന്നില്ലല്ലോ? വൈകീട്ട് അയാളെ വകവരുത്തിയല്ലേടാ?”

ഞാനും പ്രതികരിച്ചു: “ശരിയാടാ...തുടങ്ങിയിട്ടേയുള്ളൂ. ഇനിയും ഇതുപോലെ നിങ്ങളിൽ പലരും അപ്രതീക്ഷിതമായി ചാകുമെടാ. ഞങ്ങളുടെ മന്ത്രവാദി അതീവ ശക്തനാ! ആ മന്ത്രവാദിക്ക് മുട്ടയും തകിടും നൂലും ചെമ്പോലയും ഒന്നും വേണ്ടെടാ. ആവശ്യങ്ങൾ പറഞ്ഞാൽ മതി. മന്ത്രശക്തി അപ്പോൾ നേരിട്ടിങ്ങു വരുമെടാ... നിനക്കെന്നല്ല, നിന്റെ കൂടെയുള്ള ഏത് ശക്തനും തടയാൻ കഴിയില്ലെടാ. മരിക്കാൻ ധൈര്യമുള്ളവന്മാരുണ്ടെങ്കിൽ കടന്നുവാടാ...എന്നെ എന്തുവേണമെങ്കിലും ചെയ്യെടാ. ഇതു തീക്കട്ടയാ... കളിക്കുന്നത് സൂക്ഷിച്ചു വേണം. ഞങ്ങൾ നിന്നോടൊക്കെ എന്തു ഉപദ്രവമാടാ ചെയ്തത്? ആർക്കും വേണ്ടാത്ത ആദിവാസികൾ മതംമാറിയതിന് ആദിവാസിയല്ലാത്ത നിനക്കൊക്കെ എന്താടാ ഇത്ര സുഖക്കേട്?”

എന്റെ ഗൗരവത്തിലുള്ള പ്രതികരണം കണ്ട് ഓരോരുത്തരും പിൻവലിയാൻ തുടങ്ങി. പിന്നെ അധികം പറയേണ്ടി വന്നില്ല. പറയാൻ ഞാനും കേൾക്കാൻ എന്നെ പിടിച്ചവനുമായി കളം കാലിയായി.

ഞാൻ കോളനിയിലേക്ക് കടന്നുചെല്ലുമ്പോൾ ഗ്രാമത്തലവന്റെ ശവശരീരവും പ്രതീക്ഷിച്ച് ആബാലവൃദ്ധം ജനങ്ങളും തടിച്ചുകൂടിയിട്ടുണ്ട്. ചിലരെല്ലാം മുഖം തിരിച്ചു. ചിലർ സങ്കടം പറഞ്ഞു കരയുന്നു.

ആ സമയത്താണ് മൂത്ത അമ്മാവന്റെ മകൾ അടുത്തുവന്നത്. തികച്ചും അപ്രതീക്ഷിതമായിരുന്നു അവളുടെ പ്രതികരണം. അതിനുമുമ്പിൽ ഒരുനിമിഷം ഞാൻ സ്തംഭിച്ചുപോയി. **(അവസാനിച്ചില്ല)**.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 55, ഭാഗം 3

# അർറ്വഹ്മാൻ (പരമകാരുണികൻ)

(മദീനയിൽ അവതരിച്ചത്)

35. നിങ്ങൾ ഇരുവിഭാഗത്തിന്റെയും നേർക്ക് തീജ്വാലയും പുകയും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് രക്ഷാമാർഗം സ്വീകരിക്കാനാവില്ല.

36. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്.

37. എന്നാൽ ആകാശം പൊട്ടിപ്പിളരുകയും അത് കുഴമ്പുപോലുള്ളതും റോസ് നിറമുള്ളതും ആയിത്തീരുകയും ചെയ്താൽ

38. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

39. ഒരു മനുഷ്യനോടോ, ജിന്നിനോടോ അന്നേദിവസം അവന്റെ പാപത്തെപ്പറ്റി അന്വേഷിക്കപ്പെടുകയില്ല.

40. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

41. കുറ്റവാളികൾ അവരുടെ അടയാളം കൊണ്ട് തിരിച്ചറിയപ്പെടും. എന്നിട്ട് (അവരുടെ) കുടുമകളിലും പാദങ്ങളിലും പിടിക്കപ്പെടും.

42. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

يُرْسَلُ عَلَيْكُمَا شُوَاظٌ مِّن نَّارٍ وَنُحَاسٌ
فَلَا تَنتَصِرَانِ ﴿٣٥﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٦﴾
فَإِذَا ٱنشَقَّتِ ٱلسَّمَآءُ فَكَانَتْ وَرْدَةً كَٱلدِّهَانِ ﴿٣٧﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٨﴾
فَيَوْمَئِذٍ لَّا يُسْـَٔلُ عَن ذَنۢبِهِۦٓ إِنسٌ وَلَا جَآنٌّ ﴿٣٩﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٠﴾
يُعْرَفُ ٱلْمُجْرِمُونَ بِسِيمَٰهُمْ فَيُؤْخَذُ بِٱلنَّوَٰصِى
وَٱلْأَقْدَامِ ﴿٤١﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٢﴾

43. ഇതാകുന്നു കുറ്റവാളികൾ നിഷേധിച്ച് തള്ളുന്നതായ നരകം.

44. അതിന്നും തിളച്ചുപൊള്ളുന്ന ചുടുവെള്ളത്തിന്നുമിടക്ക് അവർ ചുറ്റിത്തിരിയുന്നതാണ്.

45. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

46. തന്റെ രക്ഷിതാവിന്റെ സന്നിധിയെ ഭയപ്പെട്ടവന്ന് രണ്ട് സ്വർഗത്തോപ്പുകളുണ്ട്.

47. അപ്പോൾ നിങ്ങൾ ഇരു വിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

48. പലതരം സുഖൈശ്വര്യങ്ങളുള്ള രണ്ടു (സ്വർഗത്തോപ്പുകൾ).

49. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

50. അവ രണ്ടിലും ഒഴുകികൊണ്ടിരിക്കുന്ന രണ്ട് അരുവികളുണ്ട്.

51. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

52. അവ രണ്ടിലും ഓരോ പഴവർഗത്തിൽ നിന്നുമുള്ള ഈരണ്ട് ഇനങ്ങളുണ്ട്.

53. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

54. അവർ ചില മെത്തകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവയുടെ ഉൾഭാഗങ്ങൾ കട്ടികൂടിയ പട്ടുകൊണ്ട് നിർമിക്കപ്പെട്ടതാകുന്നു. ആ രണ്ട് തോപ്പുകളിലെയും കായ്കനികൾ താഴ്ന്നു നിൽക്കുകയായിരിക്കും.

55. അപ്പോൾ നിങ്ങൾ ഇരു വിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

هَٰذِهِۦ جَهَنَّمُ ٱلَّتِى يُكَذِّبُ بِهَا ٱلْمُجْرِمُونَ ﴿٤٣﴾
يَطُوفُونَ بَيْنَهَا وَبَيْنَ حَمِيمٍ ءَانٍ ﴿٤٤﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٥﴾
وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ ﴿٤٦﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٧﴾
ذَوَاتَآ أَفْنَانٍ ﴿٤٨﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٩﴾
فِيهِمَا عَيْنَانِ تَجْرِيَانِ ﴿٥٠﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥١﴾
فِيهِمَا مِن كُلِّ فَٰكِهَةٍ زَوْجَانِ ﴿٥٢﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٣﴾
مُتَّكِـِٔينَ عَلَىٰ فُرُشٍۭ بَطَآئِنُهَا مِنْ إِسْتَبْرَقٍ
وَجَنَى ٱلْجَنَّتَيْنِ دَانٍ ﴿٥٤﴾
فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٥﴾

35-36. അതായത് (നിങ്ങൾ ഇരുവിഭാഗത്തിന്റെയും നേർക്ക് അയക്കപ്പെടും) തെളിഞ്ഞ തീജ്വാല. (പുകയും) പുക കലർന്ന ജ്വാലയാണത്. ഇത്രയും മാരകമായ ഇവ രണ്ടും നിങ്ങളുടെമേൽ അയക്കപ്പെടുകയും വലയം ചെയ്യുകയും ചെയ്യും. (അപ്പോൾ നിങ്ങൾക്ക് രക്ഷാമാർഗം സ്വീകരിക്കാനാവില്ല) എന്നാൽ നിങ്ങളിൽ നിന്ന് നിങ്ങൾക്കൊരു സഹായിയില്ല. അല്ലാഹുവിന് പുറമെ ഒരാളും നിങ്ങളെ സഹായിക്കുകയുമില്ല. ഈ ഭയപ്പെടുത്തലും അല്ലാഹുവിന്റെ അടുക്കൽനിന്ന് തന്റെ അടിമകൾക്കുള്ള ഒരു അനുഗ്രഹം തന്നെയാണ്. ഉന്നതമായ ആവശ്യങ്ങളിലേക്കും ശ്രേഷ്ഠമായ ദാനങ്ങളിലേക്കും അവരെ എത്തിക്കുന്ന ഒരു ശക്തിയാണിത്. ഇതും ഒരു അനുഗ്രഹമായി എടുത്ത് പറയുന്നു (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ്

നിങ്ങൾ നിഷേധിക്കുന്നത്?).

37-38. (എന്നാൽ ആകാശം പൊട്ടിപ്പിളരുകയും) അന്ത്യനാളിലെ ഭയാനകതകളാൽ വർധിച്ചു പ്രകമ്പങ്ങൾ, നിരന്തരമായ ഭയങ്ങൾ. അങ്ങനെ സൂര്യനും ചന്ദ്രനും അണഞ്ഞുപോകും. നക്ഷത്രങ്ങൾ ഉതിർന്നുവീഴും. (അത് ആയിത്തീരും)ഭയത്തിന്റെയും അസ്വസ്ഥതകളുടെയും കാഠിന്യത്താൽ. (അത് കുഴമ്പ് പോലുള്ളതും റോസനിറമുള്ളതും ആയിത്തീരുകയും ചെയ്യും) പാറയോ ലോഹമോ ഉരുകിയതുപോലെ. (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?).

39-40. (ഒരു മനുഷ്യനോടോ ജിന്നിനോടോ അന്നേദിവസം അവന്റെ പാപത്തെപ്പറ്റി അന്വേഷിക്കപ്പെടുകയില്ല). ചെയ്തതെന്തൊക്കെയാണെന്ന് അറിയിക്കാൻ വേണ്ടിയുള്ള ചോദ്യമില്ല. കാരണം അല്ലാഹു ദൃശ്യവും അദൃശ്യവും ഭാവിയും ഭൂതവും അറിയുന്നവനാണ്. അടിമകൾ ഓരോരുത്തരും പ്രവർത്തിക്കുന്നതിന്റെ പ്രതിഫലം നൽകാനാണ് അവനുദ്ദേശിക്കുന്നത്. തീർച്ചയായും നന്മയുടെയും തിന്മയുടെയും ആളുകൾക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തിരിച്ചറിയാവുന്ന അടയാളങ്ങൾ ഉണ്ടായിരിക്കും.

"ചില മുഖങ്ങൾ വെളുക്കുകയും ചില മുഖങ്ങൾ കരിയുകയും ചെയ്യുന്ന ദിവസത്തിൽ" (3:106).

41-42. (കുറ്റവാളികൾ അവരുടെ അടയാളംകൊണ്ട് തിരിച്ചറിയപ്പെടും. എന്നിട്ട് അവരുടെ കുടുമകളിലും പാദങ്ങളിലും പിടിക്കപ്പെടും) കുറ്റവാളികളുടെ കുടുമകളിലും പാദങ്ങളിലും പിടിക്കപ്പെടും. എന്നിട്ട് നരകത്തിലിട്ട് വലിച്ചിഴക്കപ്പെടും. എന്നിട്ട് അവർക്ക് സംഭവിച്ച കാര്യങ്ങളെ അംഗീകരിപ്പിക്കാനും അവരെ വഷളാക്കാനും അവനവരോട് ചോദിക്കും. അവൻ അവരെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ തന്നെ. എങ്കിലും തന്റെ ശക്തമായ തെളിവും മഹത്തരമായ യുക്തിയും പടപ്പുകൾക്ക് വ്യക്തമാക്കണമെന്ന് അവൻ ഉദ്ദേശിക്കുന്നു.

43-45. നരകത്തിൽ കത്തിയെരിയുമ്പോൾ താക്കീതെന്ന നിലക്കും വാഗ്ദാനമായും സത്യനിഷേധികളോട് പറയപ്പെടും: (ഇതാകുന്നു കുറ്റവാളികൾ നിഷേധിച്ച് തള്ളുന്നതായ നരകം). അങ്ങനെ നിഷേധിച്ചതിനാൽ അവർ അപമാനിതരാകാൻ, അതിന്റെ ശിക്ഷയും നടപടിയും ജ്വലനവും ആമങ്ങളും അനുഭവിക്കാൻ. എന്തൊരു ശിക്ഷയാണ് അവർക്ക് നിഷേധത്തിന് ലഭിക്കുന്നത്! (അതിനിടയിൽ അവർ ചുറ്റിത്തിരിയുന്നതാണ്) അതായത് നരകത്തട്ടുകൾക്കും ജ്വാലകൾക്കുമിടയിൽ. (തിളച്ചുപൊള്ളുന്ന ചൂടുവെള്ളത്തിനും ഇടയിൽ) അതികഠിനമായ ചൂടുവെള്ളം. അതിന്റെ ചൂട് അവസാനിച്ചാൽ കൊടുംതണുപ്പ്. (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?)


46-47. തന്റെ രക്ഷിതാവിനെയും അവന്റെ മുമ്പിൽ നിൽക്കേണ്ടിവരുന്നതും ഭയപ്പെടുന്നവന്. അങ്ങനെ അവൻ വിരോധിച്ചത് ഉപേക്ഷിക്കുകയും കൽപിച്ചത് പ്രവർത്തിക്കുകയും ചെയ്തു. അവന്ന് (രണ്ട് സ്വർഗത്തോപ്പുണ്ട്). അതിലെ രണ്ടിലെയും പാത്രങ്ങളും ആഭരണങ്ങളും കെട്ടിടങ്ങളും അടക്കം അതിലുള്ളതെല്ലാം സ്വർണംകൊണ്ടാണ്. ഒന്ന് തിന്മ ഉപേക്ഷിച്ചതിന്; മറ്റേത് നന്മ പ്രവർത്തിച്ചതിന്.

48,49. ആ രണ്ട് തോട്ടങ്ങളുടെ പ്രത്യേകതകളോ? (പലതരം സുഖൈശ്വര്യങ്ങളുമുള്ളത്) വ്യത്യസ്തമായ സുഖൈശ്വര്യങ്ങളുണ്ടതിൽ. പ്രത്യക്ഷവും പരോക്ഷവുമായ സുഖങ്ങൾ. ഒരുകണ്ണും കാണാത്തതും ഒരുകാതും കേൾക്കാത്തതും ഒരു മനുഷ്യഹൃദയത്തിനും ചിന്തിക്കാനുമാവാത്തത്. പുഷ്പിച്ചു നിൽക്കുന്ന ധാരാളം ചെടികൾ. മൃദുലമായ ശിഖരങ്ങളുള്ളതിലാവട്ടെ രുചികരവും പാകമായതുമായ ധാരാളം പഴങ്ങൾ.

50,51. ആ രണ്ട് തോട്ടങ്ങളിലുമുണ്ട്: (ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ട് അരുവികൾ) അവർ ഇഷ്ടപ്പെടുകയും ഉദ്ദേശിക്കുകയും ചെയ്യുന്നിടത്തേക്ക് അതിനെ അവൻ ഒഴുക്കിക്കൊണ്ടിരിക്കും.

52,53. (അവ രണ്ടിലും ഓരോ പഴവർഗത്തിൽ നിന്നും) എല്ലാവിധ പഴങ്ങളിൽനിന്നും (ഈരണ്ടിനങ്ങളുമുണ്ട്). രണ്ട് ഇനങ്ങൾ. ഓരോ ഇനത്തിനും മറ്റിനത്തിനില്ലാത്ത രുചിയും നിറവുമുണ്ട്.

54-55. (അവർ ചില മെത്തകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവയുടെ ഉൾഭാഗങ്ങൾ കട്ടിയുള്ള പട്ടുകൊണ്ട് നിർമിക്കപ്പെട്ടതാകുന്നു). ഇത് സ്വർഗക്കാരുടെ വിരിപ്പിന്റെയും അതിലുള്ള ഇരുത്തത്തിന്റെയും പ്രത്യേകതകളാകുന്നു. അവരതിൽ ചാരിയിരിക്കുന്നവരായിരിക്കും. അതായത് ആശ്വാസത്തിന്റെയും സുസ്ഥിരതയുടെയും സൗകര്യത്തിന്റെയും ഇരുത്തം; രാജാക്കൾ കട്ടിലുകളിൽ ഇരിക്കുന്നതുപോലെ. ആ വിരിപ്പിന്റെ പ്രത്യേകതയും ഭംഗിയും അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. ആ വിരിപ്പിന്റെ തറയിലേക്ക് ചേർന്നഭാഗം കട്ടിയുള്ള പട്ടുകൊണ്ട് നിർമിക്കപ്പെട്ടതാണ്. അത് പട്ടിൽ ഏറ്റവും പ്രൗഢിയുള്ളതും മനോഹരമായതുമാണ്. അപ്പോൾ ഈ പട്ടിന്റെ, അവരോട് അടുത്ത് നിൽക്കുന്ന ഭാഗം എന്തുമാത്രം ഗംഭീരമായിരിക്കും! (ആ രണ്ടു തോപ്പുകളിലേയും കായ്കനികൾ താഴ്ന്ന് നിൽക്കുന്നതായിരിക്കും) 'അൽജനാ' എന്നത് ഉത്തമമായ പഴമാണ്. അതായത് ഈ രണ്ടു തോട്ടങ്ങളിലെയും പഴങ്ങൾ പറിച്ചെടുക്കാവുന്നത്ര അടുത്തായിരിക്കും. നിൽക്കുന്നവനും ഇരിക്കുന്നവനും കിടക്കുന്നവനും പറിക്കാവുന്ന വിധം!




ചരിത്രപഥം

# നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും

മുഹമ്മദ് നബിﷺ 18

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ഉസ്മാൻؓവും രക്തസാക്ഷിയാകുമെന്നാണ് നബിﷺ പ്രവചിച്ചത്. അതും അപ്രകാരംതന്നെ സംഭവിച്ചു. അദ്ദേഹത്തിന്റെ അവസാനദിനങ്ങൾ നിറകണ്ണുകളോടെയല്ലാതെ നമുക്ക് ഓർക്കാൻ കഴിയില്ല. എൺപത്തിരണ്ട് വയസ്സുള്ള വൃദ്ധനായ, ആരാധനാനിരതനായിരുന്ന, നിരന്തരം ക്വുർആൻ പാരായണം ചെയ്തിരുന്ന, നബിﷺയുടെ രണ്ട് പെൺമക്കളെ വിവാഹം ചെയ്തതിന്റെ പേരിൽ 'ദുന്നൂറയ്ൻ' (രണ്ട് പ്രകാശത്തിന്റെ ഉടമ) എന്ന് നബിﷺയിലൂടെ സ്ഥാനപ്പേരു ലഭിച്ച, സ്വർഗമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ട മഹാനാണ് ഉസ്മാൻؓ.

നാൽപത് ദിവസത്തോളം ശത്രുക്കൾ അദ്ദേഹത്തെ വധിക്കാനായി വീടുവളഞ്ഞു. മുസ്‌ലിംകളെന്ന് സ്വയം അവകാശപ്പെടുന്ന, എന്നാൽ ഇസ്‌ലാമിൽനിന്ന് തെറിച്ചുപോയ, ഖവാരിജുകൾ എന്ന പേരിൽ അറിയപ്പെടുന്ന പിഴച്ചകക്ഷിയുടെ ആളുകളായിരുന്നു അദ്ദേഹത്തിന്റെ ശത്രുക്കൾ. അവർ വീടുവളഞ്ഞു. അദ്ദേഹത്തെ പുറത്തുകടക്കാൻ സമ്മതിച്ചില്ല. വെള്ളംപോലും മുടക്കുന്ന അവസ്ഥയുണ്ടായി. ഒരു കാലത്ത് വെള്ളത്തിന് ക്ഷാമം നേരിട്ടപ്പോൾ റൂമാ കിണർ വിലയ്ക്ക് വാങ്ങി ദാനം ചെയ്ത മഹാനാണ് ഉസ്മാൻﷺ. അവസാന കാലത്ത് അതിൽനിന്ന് പോലും വെള്ളം എടുക്കാൻ അദ്ദേഹത്തെ സമ്മതിക്കാത്ത അവസ്ഥയുണ്ടായി. അദ്ദേഹത്തിനുവേണ്ടി കൊണ്ടുപോകുന്ന വെള്ളം തട്ടിത്തെറിപ്പിക്കുന്ന ദുരനുഭവമാണ് അദ്ദേഹത്തിന് ഈ ഖവാരിജുകളിൽനിന്ന് നേരിടേണ്ടിവന്നത്.

അദ്ദേഹത്തിന്റെ പാറാവുകാരെ ശത്രുക്കൾ കീഴടക്കി. അവസാനം അദ്ദേഹത്തിന്റെ വീട്ടിലേക്ക് അവർ ഇരച്ചുകയറി. ഹിജ്റ 35, ദുൽഹിജ്ജ 18ന് ഖവാരിജുകൾ ഉസ്മാൻﷺവിന്റെ വീടിന്റെ വാതിലിന് തീയിട്ടു. വീട്ടിൽ കയറിയ ഈ അക്രമികളിൽ ഒരാൾ അദ്ദേഹത്തിന്റെ നീണ്ടതാടിയിൽ പിടിച്ചു. ഈത്തപ്പന മുട്ടികൊണ്ട് അദ്ദേഹത്തിന്റെ തലക്ക് അടിച്ചു. തലപൊട്ടി രക്തം ചീറ്റി. അവർ വീട്ടിൽ കയറുമ്പോഴും ക്വുർആൻ പാരായണത്തിലായിരുന്നു ഉസ്മാൻﷺ. അവർ അദ്ദേഹത്തെ പിടിക്കുമ്പോൾ മുസ്ഹഫ് തുറന്നുവെക്കപ്പെട്ട നിലയിലായിരുന്നു. മുസ്ഹഫ് രക്തത്തിൽ കുതിർന്നു. ആദ്യത്തെ രക്തത്തുള്ളി തെറിക്കുന്നത് താഴെയുള്ള സൂക്തത്തിലേക്കായിരുന്നു എന്നാണ് ചരിത്രം പറയുന്നത്.

"അവരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ" (ക്വുർആൻ 2:137).

ഭാര്യ നാഇലﷺ അദ്ദേഹത്തെ രക്ഷിക്കാൻ നോക്കി; കഴിഞ്ഞില്ല. അവർ ആ സ്ത്രീയെയും തല്ലിയോടിക്കുകയാണ് ചെയ്തത്. ആ തെമ്മാടികളിൽ ഒരുവൻ ഉസ്മാൻﷺവിനു നേരെ വാളുകൊണ്ട് ഓങ്ങിയപ്പോൾ നാഇലﷺ ഭർത്താവിന്റെ ശരീരത്തിലേക്ക് വീണു. വെട്ട് കൊള്ളുകയാണെങ്കിൽ തനിക്ക് കൊള്ളട്ടെ എന്ന നിലയ്ക്കായിരുന്നു അവരത് ചെയ്തത്. പല രൂപത്തിൽ പ്രതിരോധിക്കാൻ അവർ ശ്രമിച്ചു. അവസാനം നാഇലﷺയുടെ കൈവിരലുകൾ വെട്ടിമുറിക്കുകയാണ് അവർ ചെയ്തത്. തടുക്കാനും പിടിക്കാനും സാധിക്കാതിരിക്കാനായി ചെയ്ത ക്രൂരത. നാഇലﷺക്ക് ഭർത്താവിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഈ സമയം മുതലെടുത്ത് അവരിൽ ഒരാൾ ഉസ്മാൻﷺവിന്റെ നെഞ്ചിൽ കയറി വാളുകൊണ്ട് തുരുതുരാ കുത്തി. അങ്ങനെ ആ മഹാന്റെ അന്ത്യം അവർ ഉറപ്പുവരുത്തി. ആ കുത്തിയവന്റെ കൈ പിന്നീട് മരത്തടി പോലെ മരവിച്ച അവസ്ഥയിൽ പിൽക്കാലക്കാർ കണ്ടതായി ചരിത്രത്തിൽ കാണാം.

### ഭക്ഷണം വർധിക്കുന്നു

നബിﷺയുടെ കാലത്ത് നടന്ന അത്ഭുതകരമായ ഒരു സംഭവമായിരുന്നു ഇത്. ജാബിർﷺ ആ സംഭവം നമുക്ക് പറഞ്ഞുതരുന്നത് കാണുക:

ജാബിർ ഇബ്നു അബ്ദില്ലാഹിﷺൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "കിടങ്ങ് (ഖന്ദക്) കുഴിക്കപ്പെട്ടപ്പോൾ ഞാൻ അല്ലാഹുവിന്റെ പ്രവാചകനെ (വിശപ്പിനാൽ) വയറ് ഒട്ടിയനിലയിൽ കാണുകയുണ്ടായി. അപ്പോൾ ഞാൻ എന്റെ ഭാര്യയുടെ അടുത്തേക്ക് തിരിച്ചുപോയി. എന്നിട്ട് ഞാൻ അവളോട് ചോദിച്ചു: 'നിന്റെ അടുക്കൽ വല്ലതും ഉണ്ടോ? കാരണം ഞാൻ അല്ലാഹുവിന്റെ റസൂലിﷺനെ അങ്ങേയറ്റം വയറ് ഒട്ടിയ രൂപത്തിൽ കാണുകയുണ്ടായി.' അപ്പോൾ അവൾ എനിക്കുവേണ്ടി ഒരു തോൽപാത്രം പുറത്തെടുത്തു. അതിൽ ഒരു സ്വാഅ് ബാർലി ഉണ്ടായിരുന്നു. ഞങ്ങൾക്ക് മേഘനിറമുള്ള ഒരു ചെറിയ മൃഗം (ആട്ടിൻ കുട്ടി) ഉണ്ടായിരുന്നു." അദ്ദേഹം (ജാബിർ) പറയുന്നു: "അങ്ങനെ ഞാൻ അതിനെ അറുക്കുകയും അവൾ (ബാർലി) പൊടിക്കുകയും (അത് തയ്യാറാക്കുകയും) ചെയ്തു. എന്നിട്ട് അവൾ എന്നിലേക്ക് ഒഴിവായി.

> **തെമ്മാടികളിൽ ഒരുവൻ ഉസ്മാൻﷺവിനു നേരെ വാളുകൊണ്ട് ഓങ്ങിയപ്പോൾ നാഇലﷺ ഭർത്താവിന്റെ ശരീരത്തിലേക്ക് വീണു. വെട്ട് കൊള്ളുകയാണെങ്കിൽ തനിക്ക് കൊള്ളട്ടെ എന്ന നിലയ്ക്കായിരുന്നു അവരത് ചെയ്തത്. പല രൂപത്തിൽ പ്രതിരോധിക്കാൻ അവർ ശ്രമിച്ചു. അവസാനം നാഇല്വയുടെ കൈവിരലുകൾ വെട്ടി മുറിക്കുകയാണ് അവർ ചെയ്തത്. തടുക്കാനും പിടിക്കാനും സാധിക്കാതിരിക്കാനായി ചെയ്ത ക്രൂരത. നാഇലﷺക്ക് ഭർത്താവിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഈ സമയം മുതലെടുത്ത് അവരിൽ ഒരാൾ ഉസ്മാൻﷺവിന്റെ നെഞ്ചിൽ കയറി വാളുകൊണ്ട് തുരുതുരാ കുത്തി. അങ്ങനെ ആ മഹാന്റെ അന്ത്യം അവർ ഉറപ്പുവരുത്തി.**

അങ്ങനെ ഞാൻ അത് ഒരു കൽചട്ടിയിൽ കൊത്തിമുറിച്ചു (പാചകം ചെയ്തു). പിന്നീട് ഞാൻ അല്ലാഹുവിന്റെ റസൂലിﷺലേക്ക് ഞാൻ (അതുമായി) തിരിഞ്ഞു. അപ്പോൾ അവൾ എന്നോട് പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലിﷺന്റെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരുടെയും അടുത്ത് എന്നെ നിങ്ങൾ വഷളാക്കരുതേ.’ (കുറച്ച് ഭക്ഷണവും കുറെ പേരുമുണ്ടല്ലോ). അദ്ദേഹം പറയുന്നു: “അങ്ങനെ ഞാൻ നബിﷺയുടെ അടുത്ത് ചെന്നു, ഇക്കാര്യം ഞാൻ അദ്ദേഹത്തോട് സ്വകാര്യമാക്കി. എന്നിട്ട് ഞാൻ പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് ഉണ്ടായിരുന്ന ഒരു ചെറിയമൃഗത്തെ ഞങ്ങൾ അറുക്കുകയും ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്ന ഒരു സ്വാഅ് ബാർലി പൊടിച്ച് മാവ് കൂട്ടിവെക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അങ്ങും കൂടെയുള്ളവരിലെ കുറച്ചുപേരും വന്നാലും.’ അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ ഉറക്കെ വിളിച്ചു (പറഞ്ഞു): ‘ഓ കിടങ്ങിന്റെ ആളുകളേ, ജാബിർ നിങ്ങൾക്കായി ഒരു ഭക്ഷണം ഉണ്ടാക്കിയിരിക്കുന്നു. അതിനാൽ വരുവിൻ.’ അല്ലാഹുവിന്റെ റസൂൽﷺ (ഇപ്രകാരം) പറയുകയും ചെയ്തു: ‘ഞാൻ വരുന്നതുവരെ കലം അടുപ്പത്തുനിന്ന് ഇറക്കിവെക്കുകയോ നിങ്ങളുടെ കുഴച്ചമാവ് എടുക്കുകയോ ചെയ്യരുത്.’ അങ്ങനെ ഞാൻ (വീട്ടിൽ) വന്നു. അല്ലാഹുവിന്റെ റസൂൽﷺ ജനങ്ങളുമായി മുന്നോട്ടുവന്നു. ഞാൻ എന്റെ ഭാര്യയുടെ അടുത്ത് ചെന്നു. അപ്പോൾ അവൾ പറഞ്ഞു: ‘നിങ്ങൾ!’ (ഇങ്ങനെയെല്ലാം ചെയ്തല്ലോ). അപ്പോൾ ഞാൻ പറഞ്ഞു: ‘നീ പറഞ്ഞതുപ്രകാരം തന്നെയാണ് ചെയ്തത്.’ അങ്ങനെ ഞാൻ ആ മാവ് അവിടുത്തേക്ക് വേണ്ടി എടുത്തു. അങ്ങനെ നബിﷺ അതിൽ അൽപം ഉമിനീർ പുരട്ടുകയും ബറകതിന് വേണ്ടി അവിടുന്ന് പ്രാർഥിക്കുകയും ചെയ്തു. പിന്നീട് ഇറച്ചിയുടെ കലത്തിന്റെ അടുത്തേക്ക് അവിടുന്ന് വന്നു. അങ്ങനെ അതിലും അവിടുന്ന് അൽപം ഉമിനീർ പുരട്ടുകയും ബറകതിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. പിന്നീട് അവിടുന്ന് (ജാബിറിؓന്റെ ഭാര്യയോട്) പറഞ്ഞു: ‘റൊട്ടിയുണ്ടാക്കുന്ന ഒരു പെണ്ണിനെ കൂടി വിളിക്കുക. അവളും നിങ്ങളുടെ കൂടെ റൊട്ടിയുണ്ടാക്കട്ടെ. നിങ്ങൾ നിങ്ങളുടെ കൽചട്ടിയിൽനിന്ന് കറി വിളമ്പുകയും ചെയ്യുക. ആ കലം (അടുപ്പത്തുനിന്ന്) ഇറക്കാതിരിക്കുകയും ചെയ്യുക.’ അവർ ആയിരം പേരുണ്ടായിരുന്നു. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യംചെയ്ത് പറയുകയാണ്; അവർ എല്ലാവരും ഭക്ഷിച്ചു. അങ്ങനെ അവർ അത് ബാക്കിയാക്കി. (ശേഷം) അവർ (അതിൽ നിന്ന്) പിന്മാറുകയും ചെയ്തു. അപ്പോഴും ഞങ്ങളുടെ കലം, അത് എങ്ങനെയായിരുന്നോ അതുപോലെ തിളച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ മാവ് എങ്ങനെയായിരുന്നോ അതുപോലെ റൊട്ടിയുണ്ടാക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.” (മുസ്‌ലിം).

ഖന്തക് യുദ്ധത്തിനുമുമ്പ് നബിﷺയും സ്വഹാബിമാരും കിടങ്ങ് കുഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജാബിർؓ വിശപ്പിന്റെ കാഠിന്യത്താൽ ഒട്ടിപ്പിടിച്ച വയറുമായി നബിﷺയെ കാണുകയുണ്ടായി. ഇത് കണ്ടപ്പോൾ അദ്ദേഹം വിഷമിച്ചു. നേരെ വീട്ടിലേക്ക് പോയി. ഭാര്യയോട് കാര്യം പറയുന്നു. വീട്ടിൽ വല്ലതുമുണ്ടോ എന്ന് ചോദിക്കുന്നു. അവിടെ ഉണ്ടായിരുന്ന അൽപം ബാർലി അവർ കാണിച്ചുകൊടുത്തു. അത് പൊടിച്ച് മാവുണ്ടാക്കാനായി ജാബിർؓ ഭാര്യയോട് കൽപിച്ചു. അദ്ദേഹം അവർക്കുണ്ടായിരുന്ന ഒരു ചെറിയ ആട്ടിൻകുട്ടിയെ അറുത്തു. അതെല്ലാം വെട്ടിമുറിച്ച് അടുപ്പത്തുവെച്ചു. അങ്ങനെ അദ്ദേഹം നബിﷺയെ വിളിക്കാനായി തിരിയുമ്പോൾ ഭാര്യ പറയുന്നു: ‘കുറച്ച് ഭക്ഷണയേമുള്ളൂ. എല്ലാവരെയും വിളിച്ചാൽ തികയാതെ വരും. നമ്മൾ വഷളാകും. അതിനാൽ ശ്രദ്ധിക്കണം.’ ജാബിർؓ നബിﷺയുടെ അടുത്ത് ചെന്നു. വളരെ സ്വകാര്യമായി ഭാര്യ പറഞ്ഞതുപ്രകാരം ചെയ്തു. നബിയോടും കുറച്ച് പേരോടും അവിടേക്ക് ചെല്ലാൻ പറഞ്ഞു. നബിﷺ വിവരം അറിഞ്ഞപ്പോൾ സന്തോഷവാനായി. ഉറക്കെ എല്ലാവരെയും വിളിച്ച് കാര്യം പറഞ്ഞു. പിന്നെ നടന്നതെന്തെന്ന് നാം മുകളിൽ കൊടുത്ത റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കി. ആയിരം പേരടങ്ങുന്ന ആ സം



ഘലത്തിലെ എല്ലാവരും വിശപ്പുമാറുംവരെ ആഹരിച്ചു. എന്നിട്ടും ബാക്കിയായി. മാവ് എത്ര റൊട്ടിയുണ്ടാക്കിയിട്ടും അളവിൽ കുറയാതെ കിടക്കുന്നു!

ഇതും നബിﷺയിലൂടെ അല്ലാഹു വെളിവാക്കിയ മുഅ്ജിസതായിരുന്നു. താൻ ഇച്ഛിക്കുമ്പോഴെല്ലാം ഭക്ഷണം വർധിപ്പിക്കാനുള്ള കഴിവ് നബിﷺക്ക് ഇല്ല. ഉണ്ടായിരുന്നെങ്കിൽ നബിﷺക്കും കുടുംബത്തിനും മാസങ്ങളോളും പച്ചവെള്ളവും കാരക്കയും തിന്ന് ജീവിക്കേണ്ടിവരില്ലായിരുന്നു. അവിടുത്തെ കാലശേഷവും അനുയായികൾക്ക് ദാരിദ്ര്യം ഉണ്ടായിരുന്നു. അവരാരും വഫാത്തായ റസൂലിﷺനോട് ചോദിച്ചതുമില്ല. അത് നബിﷺയിലൂടെ പ്രകടമാക്കിയ അല്ലാഹുവിനോടാണ് അവർ തേടിയിരുന്നത്. ഇതെല്ലാം അല്ലാഹു ഉദ്ദേശിക്കുമ്പോൾ പ്രവാചകനിലൂടെ പ്രകടമാക്കുന്ന അമാനുഷികമായ സംഭവങ്ങളാണ് എന്നതാണ് നാം മനസ്സിലാക്കേണ്ടത്.



### കാരക്ക വർധിക്കുന്നു

ജാബിർ ഇബ്നു അബ്ദില്ലാഹിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അബ്ദുല്ലാഹിബ്നു അംറുബ്നു ഹറാമ്ؓ അദ്ദേഹത്തിന് കടബാധ്യതയുണ്ടായിരിക്കെ മരണപ്പെട്ടു. അദ്ദേഹത്തെ കടത്തിൽനിന്ന് ഒഴിവാക്കാൻ, കടംനൽകിയവരോട് അതിൽനിന്ന് ഇളവ് നൽകാൻ വേണ്ടി ഞാൻ നബിﷺനോട് സഹായം ആവശ്യപ്പെട്ടു. അങ്ങനെ നബിﷺ അവരോട് അന്വേഷിച്ചു. അവർ അത് ചെയ്തില്ല. അങ്ങനെ എന്നോട് നബിﷺ പറഞ്ഞു: 'നീ പോകുക. എന്നിട്ട് നിന്റെ ഈത്തപ്പഴമെല്ലാം തരംതിരിക്കുകയും ചെയ്യുക. അജ്വ വേറെ, അദ്ക്വ സയ്ദ് വേറെ വെക്കുക. പിന്നീട് അത് എന്റെ അടുത്തേക്ക് കൊണ്ടുവരണം.' അങ്ങനെ ഞാൻ അപ്രകാരം ചെയ്തു. പിന്നീട് ഞാൻ അത് നബിﷺയിലേക്ക് അയച്ചു. അങ്ങനെ അവിടുന്ന് വന്നു. എന്നിട്ട് അവിടുന്ന് അതിന് മുകളിൽ ഇരുന്നു, അല്ലെങ്കിൽ അതിന്റെ മധ്യത്തിൽ. പിന്നീട് പറഞ്ഞു: 'എല്ലാവർക്കും അളന്നുകൊടുക്കുക.' അങ്ങനെ ഞാൻ അവർക്ക് അളന്നുനൽകി. അവർക്കുള്ളത് എല്ലാം പൂർണമായി(നൽകുന്നത്)വരെ (ഞാൻ അത് നൽകി). അപ്പോഴും എന്റെ ഈത്തപ്പഴം ബാക്കിയായിരുന്നു. അതിൽനിന്ന് യാതൊന്നും കുറവുവരാത്തത് പോല" (ബുഖാരി).

നബിﷺക്കെതിരിൽ ആക്ഷേപങ്ങളും കളവുകളും കെട്ടിയുണ്ടാക്കി അദ്ദേഹത്തെ അപഹസിക്കാൻ ശ്രമിച്ചവന് അല്ലാഹു നൽകിയ നിന്ദ്യത ചരിത്രപ്രസിദ്ധമാണ്. അവൻ മരണപ്പെട്ടപ്പോൾ ഭൂമി പോലും അവനെ പുറംതള്ളുന്ന സാഹചര്യമാണ് ഉണ്ടായത് എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

അനസിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഒരു ക്രിസ്ത്യാനിയായ മനുഷ്യൻ ഉണ്ടായിരുന്നു. അയാൾ ഇസ്‌ലാം സ്വീകരിച്ചു. അയാൾ അൽബക്വറയും ആലുഇംറാനും (ക്വുർആനിലെ രണ്ട് അധ്യായങ്ങൾ) പാരായണം ചെയ്തിരുന്നു. അങ്ങനെ അയാൾ നബിﷺയുടെ (വഹ്‌യ്) എഴുത്തുകാരനായി. എന്നാൽ അയാൾ (വീണ്ടും) ക്രിസ്ത്യാനിയായി മടങ്ങി. അങ്ങനെ അയാൾ പറയുകയും ചെയ്തു: 'മുഹമ്മദിന്, ഞാൻ അദ്ദേഹത്തിനു വേണ്ടി എഴുതിയതല്ലാതെ അറിയുകയില്ല.' അങ്ങനെ അല്ലാഹു അവനെ മരിപ്പിച്ചു. അവനെ അവർ മറമാടുകയും ചെയ്തു. എന്നാൽ ഭൂമി അവനെ (പുറത്തേക്ക്) തുപ്പി. അപ്പോൾ അവർ പറഞ്ഞു: 'ഇവൻ അവരെ പരാജയപ്പെടുത്തിയതിനാൽ ഇത് മുഹമ്മദിന്റെയും അവന്റെ അനുചരന്മാരുടെയും ചെയ്തിയാണ്. അവർ നമ്മുടെ കൂട്ടുകാരനെ കുഴിച്ച് മാന്തി പുറത്തെടുക്കുകയാണ് ചെയ്തത്.' അങ്ങനെ അവർ അവനുവേണ്ടി ആഴത്തിലൊരു കുഴിയുണ്ടാക്കി. (പിന്നെയും) ഭൂമി അവനെ (പുറത്തേക്ക്) തുപ്പി. അപ്പോഴും അവർ പറഞ്ഞു: 'ഇത് മുഹമ്മദിന്റെയും അവന്റെ അനുചരന്മാരുടെയും ചെയ്തിയാണ്. അവരെ പരാജയപ്പെടുത്തിയതിനാൽ നമ്മുടെ സഹോദരനെ അവർ കുഴിച്ച് പുറത്തെടുത്തിട്ടിരിക്കുന്നു.' അങ്ങനെ അവർ അവനുവേണ്ടി അവർക്ക് കഴിയുംവിധം ഭൂമിയിൽ ആഴത്തിൽ ഒരു കുഴിയെടുത്തു. എന്നിട്ടും ഭൂമി അവനെ പുറത്തേക്ക് തുപ്പി. അങ്ങനെ അവർ മനസ്സിലാക്കി: തീർച്ചയായും (ഇത് ചെയ്തത്) മനുഷ്യരല്ല. അങ്ങനെ അവർ അവനെ (അവിടെ ഉപേക്ഷിച്ചു) ഇട്ടുകളഞ്ഞു" (ബുഖാരി). (തുടരും)

സലീമുൽഹിലാലി അലി ഹസൻ അൽഹലബി
ആശയവിവർത്തനം: അബൂഫായിദ

അഭിമുഖം



# നോമ്പ്: ചില ഉണർത്തലുകൾ

### 1. നോമ്പ് തുറക്കേണ്ടതെപ്പോൾ?

'പിന്നെ നിങ്ങൾ രാത്രിവരെ നോമ്പ് പൂർത്തിയാക്കുക' എന്ന ക്വുർആൻ വചനത്തിന്റെ (2:187) താൽപര്യം രാത്രിയുടെ ആഗമനവും പകലിന്റെ പിൻവാങ്ങലും സൂര്യന്റെ അസ്തമയവുമാണെന്ന് പ്രവാചകൻ നൽകിയ വിശദീകരണം, തിരുചര്യയെ പിൻപറ്റുന്ന മുസ്‌ലിമിന്റെ ഹൃദയത്തിന് സമാധാനം നൽകുന്നതാണ്.

ഹാഫിദ് ഇബ്‌നുഹജർ തന്റെ ഫത്ഹുൽബാരിയിലും (4/199) ഹൈഥമി മജ്മഉസ്സവാഇദിലും (3/154) സ്വീകാര്യയോഗ്യമെന്ന് പറഞ്ഞ ഒരു ഹദീഥ് ഇമാം അബ്ദുർറസാക് തന്റെ അൽമുസ്വന്നഫിൽ(7591) രേഖപ്പെടുത്തിയത് കാണുക:

അംറുബ്നു മൈമൂനുൽ ഔദിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "മുഹമ്മദ് നബിﷺയുടെ ശിഷ്യന്മാർ നോമ്പുതുറക്കുന്ന കാര്യത്തിൽ ധൃതികാണിക്കുന്നവരും അത്താഴം താമസിപ്പിച്ച് കഴിക്കുന്നവരുമായിരുന്നു."

### 2. നോമ്പുതുറക്കാൻ ധൃതികാണിക്കൽ

സത്യവിശ്വാസിയായ സുഹൃത്തേ, സൂര്യാസ്തമയം നിനക്ക് ബോധ്യമായാൽ വൈകാതെ നീ നോമ്പ് തുറക്കേണ്ടതാണ്. ആ സമയത്ത് ചക്രവാളത്തിൽ ബാക്കിയുള്ള ചുവപ്പുനിറത്തെ നീ പരിഗണിക്കേണ്ടതില്ല. ഇപ്രകാരം നീ പ്രവർത്തിക്കുന്നതിൽ നിന്റെ പ്രവാചകനെ പിന്തുടരലും ജൂതരോടും ക്രൈസ്തവരോടും എതിരാകലമുണ്ട്. അവർ സൂര്യനസ്തമിക്കുന്ന നേരത്ത് നോമ്പു

തുറക്കാതെ നക്ഷത്രങ്ങൾ തെളിഞ്ഞു കാണപ്പെടുന്ന നേരത്തേക്ക് അതിനെ പിന്തിക്കാറാണ് പതിവ്. റസൂലിന്റെ മാർഗം പിൻപറ്റുന്നതിൽ മതത്തിന്റെ അടയാളങ്ങളെ പ്രകടമാക്കലുണ്ട്. മാത്രമല്ല ഇരുവർഗവും (ജിന്നുകളും മനുഷ്യരും) ഒന്നടങ്കം സ്വീകരിക്കണമെന്ന് നാം ആഗ്രഹിക്കുന്ന സന്മാർഗ സരണി ലഭിച്ചതിലുള്ള അഭിമാനപ്രകടനവും കൂടി അതിലുണ്ട്.

തുടർന്നു വിവരിക്കുന്ന ഹദീഥുകൾ ഇക്കാര്യത്തെക്കുറിച്ച് നമുക്ക് കൂടുതൽ വിശദീകരണം നൽകുന്നതാണ്:

ഒന്ന്) നോമ്പുതുറക്കുന്നതിൽ ധൃതികാണിക്കൽ നന്മയ്ക്ക് കാരണമാകുന്നു:

സഹ്‌ലുബ്നു സഅ്ദി ﷺൽനിന്ന് നിവേദനം; നബി പറഞ്ഞു: “നോമ്പുതുറ വേഗത്തിലാക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽ (ഖൈറിൽ) ആയിരിക്കുന്നതാണ്” (ബുഖാരി 4/173, മുസ്‌ലിം 1093).

രണ്ട്) വേഗം നോമ്പുതുറക്കുന്നത് നബിﷺയുടെ ചര്യയാണ്:

മുസ്‌ലിം സമുദായം നോമ്പുതുറക്കുന്നത് വേഗത്തിലാക്കുന്ന കാലമത്രയും അവർ റസൂലിന്റെ സുന്നത്തിലും സച്ചരിതരായ മുൻഗാമികളുടെ മാർഗത്തിലുമായിരിക്കുന്നതാണ്. അതിനെ അണപ്പല്ലുകൾകൊണ്ട് അവർ കടിച്ചുപിടിച്ചിരിക്കുന്ന കാലമത്രയും അല്ലാഹുവിന്റെ അനുമതിയാൽ അവർ വഴിപിഴക്കുകയില്ല.

സഹ്‌ലുബ്നു സഅ്ദി ﷺൽനിന്നും നിവേദനം; നബിﷺ പറഞ്ഞു: “നോമ്പുതുറക്കുന്നത് നക്ഷത്രങ്ങൾ പ്രകടമാകുന്ന നേരംവരെ കാത്തിരിക്കാത്ത കാലത്തോളം എന്റെ സമുദായം എന്റെ മാർഗത്തിൽ നിലകൊള്ളുന്നവരായിരിക്കും” (ഇബ്നുഹിബ്ബാൻ).

(സ്വീകാര്യയോഗ്യമായ പരമ്പരയോടുകൂടി ഇബ്നുഹിബ്ബാൻ(891) ഉദ്ധരിച്ചു. ബുഖാരിയിലും മുസ്‌ലിമിലും ഈ ഹദീഥിന്റെ മൂലമുണ്ട്. ശിയാക്കൾ ഈ കാര്യത്തിൽ ജൂതക്രൈസ്തവരോട് യോജിച്ചിരിക്കുന്നു. അവരും നക്ഷത്രങ്ങൾ പ്രകടമാകുന്ന നേരംവരെ പിന്തിക്കാറാണ് പതിവ്. അല്ലാഹു നമ്മളെയെല്ലാം അവരുടെ വഴികേടിൽനിന്നും സംരക്ഷിക്കുമാറാകട്ടെ).

മൂന്ന്) നോമ്പുതുറക്കാൻ ധൃതികാണിക്കൽ ശാപകോപത്തിന്നിരയായവർക്ക് എതിരാണ്:

മുസ്‌ലിംകൾ തങ്ങളുടെ പ്രവാചകന്റെ മാർഗമവലംബിക്കുകയും അദ്ദേഹത്തിന്റെ ചര്യ സ്വന്തം ജീവിതത്തിലൂടെ സംരക്ഷിക്കുകയും ചെയ്താൽ, അവർ ഗുണത്തിലാകുന്നതിനു പുറമെ ഇസ്‌ലാം അജയ്യമായും ആകർഷകമായും അവശേഷിക്കുന്നതാണ്. അപ്പോൾ ഇസ്‌ലാമികസമൂഹം കൂരിരുട്ടിൽ വെളിച്ചം വിതറുന്ന വിളക്കും ഉത്തമ മാതൃകയുമായിരിക്കും. കാരണം അവർ പാശ്ചാത്യ, പൗരസ്ത്യ സമൂഹങ്ങളുടെ വാലും കാറ്റിന്റെ ഗതിക്കനുസരിച്ച് നിലപാടു മാറ്റുന്നവരുടെ നിഴലുമായിരിക്കില്ല.

അബൂഹുറയ്റ ﷺയിൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: “നോമ്പുതുറക്കുന്ന വിഷയത്തിൽ (സമയമായാലുടൻ) ധൃതികാണിക്കുന്ന കാലത്തോളം ഇസ്‌ലാം പ്രകടമായി (അജയ്യമായി). കാരണം യഹൂദരും ക്രൈസ്തവരും അത് പിന്തിക്കുന്നവരാണ്” (അബൂദാവൂദ് 2/305, ഇബ്നുഹിബ്ബാൻ 224).

ഉപരിസൂചിത ഹദീഥുകളുടെ മൊത്തത്തിലുള്ള ആശയങ്ങളും പ്രധാനപ്പെട്ട അധ്യാപനങ്ങളും ഇങ്ങനെ സംഗ്രഹിക്കാം:

1) വാനിൽ ഇസ്‌ലാമിന്റെ വിജയപതാക പാറിക്കളിച്ച് ഇസ്‌ലാം അജയ്യമായി നിലനിൽക്കുന്നത് വേദക്കാരോടുള്ള നമ്മുടെ സാംസ്കാരിക വൈജാത്യത്തോട് കടപ്പെട്ടിരിക്കുന്നു. കിഴക്കിന്റെയോ പടിഞ്ഞാറിന്റെയോ ഒരു പതിപ്പാകാതെ, തികച്ചും ദൈവത്തെ അനുസരിച്ചുജീവിക്കുന്ന ഒരു സമൂഹമായി നിലനിൽക്കുമ്പോൾ മാത്രമെ മുസ്‌ലിം സമൂഹത്തിന് സകലനേട്ടങ്ങളും കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ‘ക്രെംലിനിന്റെ ഭരണത്തിനൊത്ത് കറങ്ങുന്ന ഗ്രഹമാകാതെയും’ ‘വൈറ്റ് ഹൗസി’ന്റെ മേച്ചിൽനിലങ്ങളിൽ അലഞ്ഞുനടക്കാതെയും പ്രശ്ന പരിഹാരങ്ങൾക്കായി ‘ലണ്ടൻ’ എന്ന ‘ക്വിബല’യിലേക്ക് മുഖം തിരിക്കാതെയും ഒരു ഉറച്ച, വ്യത്യസ്ത സമൂഹമായി പരിവർത്തിക്കപ്പെടുമ്പോൾ മാത്രമെ ഇതരസമുഹങ്ങളിൽനിന്ന് അവർക്ക് പേരുംപെരുമയും നേടാൻ സാധിക്കുകയുള്ളൂ. വിശ്വാസകാര്യങ്ങളിലും കർമാനുഷ്ഠാനങ്ങളിലും വിശുദ്ധ ക്വുർആനിലേക്കും തിരുസുന്നത്തിലേക്കും സമ്പൂർണമായി മടങ്ങിയാൽ മാത്രമെ ഇതെല്ലാം ശരിയായിത്തീരുകയുള്ളൂ.

2. അല്ലാഹു പറഞ്ഞതുപോലെ സമ്പൂർണമായി ഇസ്‌ലാമിനെ മുറുകെപിടിക്കുക: “സത്യവിശ്വാസികളേ, ഇസ്‌ലാമിലേക്ക് നിങ്ങൾ സമ്പൂർണമായി പ്രവേശിക്കുക” (ക്വുർആൻ 2:208).

കാതലായ പ്രശ്നങ്ങൾ, തൊലിപ്പുറത്തുള്ള പ്രശ്നങ്ങൾ എന്നൊക്കെ പറഞ്ഞ് ഇസ്‌ലാമിക നിയമങ്ങളെ വർഗീകരിക്കുന്നത് വർത്തമാനകാല അജ്ഞതയും നൂതനരീതിയുമാകുന്നു. ഇത്തരം വാദഗതികൾകൊണ്ട് ഇതിന്റെ വക്താക്കൾ ഉദ്ദേശിക്കുന്നത് മുസ്‌ലിം

കളുടെ ചിന്താശേഷി നശിപ്പിക്കുക എന്നതും മതത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങളിൽ ചുറ്റിത്തിരിയുന്നവരാക്കി അവരെ മാറ്റുക എന്നതുമാണ്.

വേദഗ്രന്ഥത്തിൽനിന്നും ചിലതിൽ വിശ്വസിക്കുകയും ചിലതിൽ അവിശ്വസിക്കുകയും ചെയ്തിരുന്ന, അല്ലാഹുവിന്റെ കോപത്തിനിരയായവരിലേക്കാണ് ഇതിന്റെ വേരുകൾ ചെന്നെത്തുന്നതെന്ന് ഈ വിഷയത്തെക്കുറിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തിയാൽ നമുക്ക് കണ്ടെത്താനാകും. എന്നാൽ ജൂത, ക്രൈസ്തവ ആചാര രീതികളോട് എതിരു പ്രവർത്തിക്കുവാൻ നാം കൽപിക്കപ്പെട്ടവരാണെന്നും അങ്ങനെ ചെയ്യുന്നതിന്റെ ഫലം ഇസ്‌ലാമിന്റെ അഭിമാനകരമായ നിലനിൽപാണെന്നും നാം മനസ്സിലാക്കിയതാണ്.

3) അല്ലാഹുവിലേക്കുള്ള ക്ഷണവും വിശ്വാസികളെ പ്രബുദ്ധരാക്കുന്ന പ്രവൃത്തിയും തമ്മിൽ ഇഴകൾ വേർതിരിച്ചെടുക്കാൻ പറ്റാത്തവിധത്തിലുള്ളതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ മതചിഹ്നങ്ങൾക്കിടയിൽ വിവേചനം നടത്താനും വകതിരിച്ച് ചിലതിനെ ഉയർത്തികാട്ടി മറ്റുചിലതിനെ താഴ്ത്തിക്കെട്ടാനും മുസ്‌ലിം സമുദായത്തെ വലയം ചെയ്തിരിക്കുന്ന തീക്ഷ്ണ പ്രശ്നങ്ങളുടെ പേരു പറഞ്ഞാണെങ്കിൽ പോലും നമുക്ക് സാധ്യമല്ല. സമുദായത്തിന്റെ ഐക്യം തകർക്കുകയും കെട്ടുറപ്പ് ശിഥിലമാക്കുകയും ചെയ്ത പരമപ്രധാന പ്രശ്നങ്ങൾ പരിഹരിക്കാനാണ് നാം പ്രധാനശ്രമങ്ങൾ നടത്തേണ്ടതെന്നും അല്ലാതെ ഇത്തരം 'ബാലിശവും' 'ശാഖാപരവും' 'ഉപരിപ്ലവപരവും' 'വ്യത്യസ്ത വീക്ഷണ സാധ്യതയുള്ളതു'മായ പ്രശ്നങ്ങളുടെ പേരിൽ കശപിശകൂടുകയല്ല വേണ്ടതെന്നും മേനിപറഞ്ഞു നടക്കുന്നവരോട് രാജിയാകാനും നമുക്കാവില്ല.

ഉൾക്കാഴ്ചയോടെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന മുസ്‌ലിമേ, സൂര്യൻ അസ്തമിച്ചെന്ന് ഉറപ്പായാൽ നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്നതിലാണ് പരിശുദ്ധ ഇസ്‌ലാമിന്റെ യശസ്സ് നിലകൊള്ളുന്നതെന്ന് താങ്കൾക്ക് മനസ്സിലായിരിക്കുമല്ലോ. എന്നാൽ ചിലയാളുകൾ പറഞ്ഞുനടക്കുന്നത് സൂര്യൻ അസ്തമിച്ചയുടൻ നോമ്പുതുറക്കുന്നത് കുഴപ്പത്തി(ഫിത്)ന് കാരണമാണെന്നും ഈ തിരുസുന്നത്തിനെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമവും അതിലേക്ക് ജനങ്ങളെ ക്ഷണിക്കലും വഴികേടിലേക്കും അജ്ഞതയിലേക്കുമുള്ള ക്ഷണമാണെന്നും മുസ്‌ലിംകളെ അവരുടെ മതത്തിൽനിന്ന് അകറ്റുന്നതുമാണ് എന്നൊക്കെയാണ്. അല്ലെങ്കിൽ അത് യാതൊരു വിലയുമില്ലാത്ത പ്രബോധനമാണെന്നും അവ കേവലം തർക്കപരവും ശാഖാപരവുമായ കാര്യങ്ങളായതിനാൽ അവകൊണ്ട് മുസ്‌ലിംകളെ ഏകോപിപ്പിക്കാൻ സാധ്യമല്ലെന്നുമാണ്.

4) മഗ്‌രിബിന് മുമ്പ് നോമ്പ് തുറക്കൽ

നബിﷺ മഗ്‌രിബ് നമസ്കാരത്തിനുമുമ്പ് നോമ്പ് തുറക്കാറുണ്ടായിരുന്നു. (അഹ്മദ്, അബൂദാവൂദ്).

കാരണം നോമ്പു തുറക്കുന്നതിൽ ധൃതികാണിക്കൽ മുൻകഴിഞ്ഞ പ്രവാചകന്മാരുടെ സ്വഭാവത്തിൽ പെട്ടതാണ്.

അബുദ്ദർദാഅ്ﷺ നിവേദനം ചെയ്യുന്നു: "മൂന്ന് കാര്യങ്ങൾ പ്രവാചകത്വത്തിന്റെ അനിവാര്യ സ്വഭാവങ്ങ ളാണ്. നോമ്പുതുറക്കുവാൻ ധൃതികാണിക്കൽ, അത്താഴം പിന്തിക്കൽ, നമസ്കാരത്തിൽ വലതുകൈ ഇടതു കയ്യിന്റെമേൽ വെക്കൽ"(ത്വബ്റാനി).

**3) എന്തു കഴിച്ചുകൊണ്ട് നോമ്പുതുറക്കണം?**

കാരക്ക കഴിച്ചുകൊണ്ട് നോമ്പുതുറക്കാനും കാരക്ക ലഭിച്ചില്ലെങ്കിൽ വെള്ളംകുടിച്ച് നോമ്പു തുറക്കാനും നബിﷺ പ്രേരിപ്പിക്കാറുണ്ടായിരുന്നു. പ്രവാചകന് സമുദായത്തോടുണ്ടായിരുന്ന ഗുണകാംക്ഷയും അവരുടെ നന്മയിലുണ്ടായിരുന്ന അത്യാർത്തിയും അനന്യമായ കൃപയുമാണ് ഈ നിർദേശത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

ലോകർക്കാകമാനം അനുഗ്രഹമായി മുഹമ്മദ് നബിﷺയെ നിയോഗിച്ച ലോകരക്ഷിതാവ് പറയുന്നു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (ക്വുർആൻ 9:128)

ആമാശയം കാലിയായിരിക്കുന്ന വേളയിൽ ശരീരത്തിന് മധുരമുള്ള എന്തെങ്കിലും (ആദ്യമായി) നൽകുന്നത് ശരീരം അത് സ്വീകരിക്കുന്നതിനും അവയവങ്ങൾ അത് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമാണ്. വിശിഷ്യാ ശരീരം ആരോഗ്യപൂർണമാണെങ്കിൽ അതിലൂടെ ഊർജസമ്പാദനം നടത്തി ശരീരം ശക്തിസംഭരിക്കുന്നതാണ്. വെള്ളത്തെക്കുറിച്ചാണെങ്കിൽ, നോമ്പുകാരണം ശരീരത്തിന് ചെറിയരൂപത്തിൽ വരൾച്ച അനുഭവപ്പെടുന്നു. അതിനാൽ തുടക്കത്തിൽ അൽപം വെള്ളം നൽകി ശരീരത്തെ തണുപ്പിച്ചാൽ പിന്നീട് കഴിക്കുന്ന ആഹാരങ്ങളോട് ശരീരം ആരോഗ്യകരമായി പ്രതികരിക്കാൻ അത് സഹായകമാണ്.

അറിയുക; ഇതിലുപരി വെള്ളത്തിനും കാരക്കക്കും മനഃസംസ്‌ക്കരണ കാര്യത്തിൽ സ്വാധീനം ചെലുത്താനാതുകുന്ന ചില കഴിവുകളും സവിശേഷതകളുമുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. പക്ഷേ, നബിചര്യ മുറുകെപിടിക്കുന്നവർക്ക് മാത്രമെ ഇത് മനസ്സിലാക്കാൻ സാധിക്കൂ എന്നുമാത്രം.

അനസി﵁ൽനിന്ന് നിവേദനം: "പകുതി പാകമായ ഈത്തപ്പഴം കഴിച്ച് നമസ്‌കാരത്തിന് മുമ്പേ നോമ്പു തുറക്കുകയായിരുന്നു നബി ﷺയുടെ പതിവ്. അതില്ലെങ്കിൽ കാരക്കകൊണ്ടും. അതുമില്ലെങ്കിൽ ഏതാനും ഇറക്കു വെള്ളം കുടിക്കും" (അഹ്മദ്, അബൂദാവൂദ്, തുർമുദി).

## 4. നോമ്പുതുറക്കുമ്പോൾ എന്താണ് പറയേണ്ടത്?

നോമ്പുകാരനായ സുഹൃത്തേ, നബിചര്യയനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ നമുക്കെല്ലാവർക്കും അല്ലാഹു ഭാഗ്യം തരട്ടെ. താങ്കൾക്ക് ഉറപ്പായും ഉത്തരം ചെയ്യപ്പെടുന്ന ഒരു പ്രാർഥനയുള്ളതിനാൽ അത് മുതലാക്കാൻ ശ്രമിക്കുക. ഉത്തരം ലഭിക്കുമെന്ന ദൃഢവിശ്വാസത്തോടെ പ്രാർഥനാനിരതനാവുകയും ചെയ്യുക. അലസവും അശ്രദ്ധവുമായ മനസ്സിന്റെ തേട്ടത്തിന് അല്ലാഹു ഉത്തരം നൽകില്ലെന്ന് നീ അറിയുക. നീ ഉദ്ദേശിക്കുന്ന എല്ലാ നന്മക്കും വേണ്ടി അവനോട് പ്രാർഥിക്കുക; ഇഹപര ഗുണങ്ങൾ നിനക്ക് ലഭിച്ചേക്കാം.

അബൂഹുറയ്‌റ﵁ നിവേദനം ചെയ്യുന്നു; നബി പറഞ്ഞു: "ഉറപ്പായും ഉത്തരം നൽകപ്പെടുന്ന മൂന്ന് പ്രാർഥനകളുണ്ട്. നോമ്പുകാരന്റെ പ്രാർഥന, മർദിതന്റെ പ്രാർഥന, പിന്നെ യാത്രക്കാരന്റെ പ്രാർഥനയും"(ഉകൈലി, അബൂമുസ്‌ലിം).

തിരസ്‌കരിക്കപ്പെടാത്ത ഈ പ്രാർഥന നോമ്പു തുറക്കുന്ന വേളയിലുള്ള പ്രാർഥനയാണെന്ന് അബൂഹുറയ്‌റ﵁യിൽനിന്നും നിവേദനം ചെയ്യപ്പെട്ട ഹദീഥ് സൂചന നൽകുന്നു.

നബി ﷺ പറഞ്ഞു: "മൂന്നുകൂട്ടരുടെ പ്രാർഥനകൾ തള്ളപ്പെടുന്നതല്ല. നോമ്പുതുറക്കുന്ന നേരത്ത് നോമ്പുകാരൻ നടത്തുന്ന പ്രാർഥനയും നീതിമാനായ ഭരണാധികാരിയുടെ പ്രാർഥനയും മർദിതന്റെ പ്രാർഥനയും" (തിർമിദി, ഇബ്‌നു മാജ, ഇബ്‌നു ഹിബ്ബാൻ).

അബ്ദുല്ലാഹിബ്‌നു അംറുബ്‌നുൽ ആസി﵁ൽ നിന്നും നിവേദനം: "അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: 'തീർച്ചയായും നോമ്പുകാരന് നോമ്പുതുറക്കുന്ന വേളയിൽ തടയപ്പെടാത്ത ഒരു പ്രാർഥനയുണ്ട്"(ഇബ്‌നുമാജ, ഹാകിം).

നബിയിൽനിന്നും ശരിയായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കാണുന്ന പ്രാർഥനയാണ് അന്നേരത്തെ പ്രാർഥനകളിൽ ഏറ്റവും ശ്രേഷ്ഠമായത്. നോമ്പുതുറക്കുന്ന വേളയിൽ നബി ﷺ ഇപകാരം പറയാറുണ്ടായിരുന്നു:

"ഞരമ്പുകൾ നനയുകയും ദാഹം ശമിക്കുകയും ചെയ്തു. അല്ലാഹു ഇഛിച്ചെങ്കിൽ പ്രതിഫലം സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു" (അബൂദാവൂദ്, ബൈഹകി, ഹാകിം).

## 5. നോമ്പുകാരന് ആഹാരം നൽകൽ

സഹോദരാ, അല്ലാഹു താങ്കൾക്ക് അനുഗ്രഹം ചൊരിയുകയും ഭക്തിപൂർണമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഭാഗ്യം നൽകുകയും ചെയ്യട്ടെ. നോമ്പുകാരനെ നോമ്പ് തുറപ്പിക്കുന്നതിൽ മഹത്തായ പ്രതിഫലവും ധാരാളം നന്മകളുമുള്ളതിനാൽ അതിൽ നീ താൽപര്യം കാണിക്കുക.

നബി ﷺ പറഞ്ഞു: "ആരെങ്കിലും നോമ്പുള്ളവന് നോമ്പുതുറക്കാനുള്ള ഭക്ഷണം നൽകിയാൽ നോമ്പുകാരന് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലം നോമ്പു തുറപ്പിച്ചവനും ലഭിക്കുന്നതാണ്. എന്നാൽ ഇത് നോമ്പുകാരന്റെ പ്രതിഫലത്തിൽ കുറവൊട്ടും വരുത്തുന്നതുമല്ല" (അഹ്മദ്, തുർമുദി, ഇബ്‌നുമാജ, ഇബ്‌നുഹിബ്ബാൻ).

മുസ്‌ലിമായ ഒരു നോമ്പുകാരനെ മറ്റൊരാൾ നോമ്പുതുറക്കാൻ ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കൽ അവന് നിർബന്ധമാണ്. കാരണം ആരെങ്കിലും ക്ഷണം നിരസിച്ചാൽ അവൻ പ്രവാചകനോടാണ് ധിക്കാരം കാണിച്ചിരിക്കുന്നത്. ക്ഷണം സ്വീകരിച്ച് മറ്റൊരാളുടെ ഭക്ഷണം കഴിച്ച് നോമ്പുതുറക്കുന്നത് അവന്റെ പ്രതിഫലത്തിന് കോട്ടംവരുത്തുകയോ പുണ്യങ്ങളെ പാഴാക്കുകയോ ഇല്ലെന്ന് അവൻ മനസ്സിലാക്കേണ്ടതാണ്. ഭക്ഷണ ശേഷം ക്ഷണിക്കപ്പെട്ട അതിഥി ആതിഥേയനു വേണ്ടി, ഹദീഥുകളിൽ വന്ന ഏതെങ്കിലും ഒരു പ്രാർഥന നടത്തുന്നത് പുണ്യകരമാണ്. അത്തരം പ്രാർഥനകളിൽ ചിലത് താഴെ കൊടുക്കുന്നു:

1) "നോമ്പുകാർ നിങ്ങളുടെ അടുക്കൽ വെച്ച് നോമ്പുതുറന്നിരിക്കുന്നു, പുണ്യവാന്മാർ നിങ്ങളുടെ ഭക്ഷണം കഴിക്കുകയും മലക്കുകൾ നിങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്തിരിക്കുന്നു"(ഇബ്‌നു അബീശൈബ, അഹ്മദ്, നസാഈ).

2) "അല്ലാഹുവേ, എന്നെ ആഹരിപ്പിച്ചവന് നീയും അന്നം നൽകേണമേ, എനിക്ക് കുടിനീര് നൽകിയവർക്ക് നീയും കുടിനീരു നൽകേണമേ" (മുസ്‌ലിം 2055).

3) അല്ലാഹുവേ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയുകയും അവർക്ക് നീ പൊറുത്തുകൊടുക്കുകയും അവരോടു നീ കരുണകാണിക്കുകയും ചെയ്യേണമേ" (മുസ്‌ലിം 2042).

അബൂഅമീൻ
mail@nerpatham.com



# നോമ്പ്; തിന്മകളെ തടുക്കുന്ന പരിച

**ജാബിറി(റ)ൽനിന്ന്; നബി(ﷺ) പറഞ്ഞു: "നോമ്പ് ഒരു പരിചയാണ്. സത്യവിശ്വാസി അതുമുഖേന നരകത്തെ പ്രതിരോധിക്കുന്നു" (അഹ്മദ്)**

മനുഷ്യൻ ഏറെ ആഗ്രഹങ്ങളുള്ള ഒരു ജീവിയാണ്. മോഹങ്ങളും പ്രതീക്ഷകളുമില്ലാത്തവർക്ക് ജീവിതത്തിൽ പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ കഴിയില്ല. പക്ഷേ, ആ മോഹങ്ങളെ യാതൊരു നിയന്ത്രണവുമില്ലാതെ കയറൂരിവിടാൻ പാടില്ല. കടിഞ്ഞാണില്ലാത്ത മോഹങ്ങളെല്ലാം സഫലീകരിക്കാനുള്ള ശ്രമം ധാരാളം വിനകൾ വരുത്തിവെക്കും. നിത്യേന നാം കേട്ടുകൊണ്ടിരിക്കുന്ന ഒരുപാട് അതിക്രമങ്ങളുടെ വാർത്തകൾക്കു കാരണം ദേഹേച്ഛകളുടെ പിന്നാലെയുള്ള കുതിച്ചോട്ടമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ശക്തമായ ദൈവിക ബോധത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചെറിഞ്ഞ് ദേഹേച്ഛകളുടെ പിന്നാലെ കുതിച്ചാൽ അപകടങ്ങളിലും അബദ്ധങ്ങളിലുമായിരിക്കും എത്തിച്ചേരുക.

സത്യം ബോധ്യപ്പെട്ടിട്ടും മുഹമ്മദ് നബിലയെ തിരിച്ചറിഞ്ഞിട്ടും വേദത്തിന്റെ ആളുകളടക്കമുള്ളവരെ ആ സത്യം സ്വീകരിക്കുന്നതിൽനിന്ന് തടഞ്ഞത് ദേഹേച്ഛകളാണെന്ന് ക്വുർആൻ ഉണർത്തുന്നു:

"ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച" (28:50).

അതിനാൽ ദേഹേച്ഛകളെ നിയന്ത്രിക്കൽ അനിവാര്യമാണ്. ജീവിത വിജയത്തിന് അത് കൂടിയേ തീരൂ. അത്തരത്തിലുള്ളൊരു നിയന്ത്രണം സാധിതമാകുന്ന മഹത്തായൊരു ആരാധനയാണ് യഥാർഥത്തിൽ വ്രതം. വികാരങ്ങളും വിചാരങ്ങളും വിശപ്പും ദാഹവുമൊക്കെ നിയന്ത്രിച്ച് ശരീരത്തെയും മനസ്സിനെയും ശക്തമായി മെരുക്കിയെടുക്കാൻ വ്രതം സഹായിക്കുന്നു. വിശപ്പും ദാഹവുമുണ്ടായിട്ടും രുചികരമായ ഭക്ഷണ പാനീയങ്ങൾ സുലഭമായിട്ടും സത്യവിശ്വാസി വ്രതനാളുകളിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഒരു തുള്ളി വെള്ളം പോലും കുടിക്കുന്നില്ല; ഒരു പിടി ഭക്ഷണം പോലും കഴിക്കുന്നില്ല. മനസ്സിന്റെ കൊതികൾക്കെല്ലാം അയാൾ കടിഞ്ഞാണിടുന്നു. എല്ലാം സർവലോക പരിപാലകനായ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി. അങ്ങനെയുള്ള ആത്മനിയന്ത്രണം നോമ്പിലൂടെ നേടിയെടുക്കുവാൻ സാധിച്ചാൽ ആ നോമ്പ് സാർഥകമായിത്തീരുന്നു.

ദുഷിച്ച വാക്കും പ്രവൃത്തിയും ഒഴിവാക്കാത്തവന്റെ പട്ടിണിയിൽ അല്ലാഹുവിന് താൽപര്യമില്ലായെന്ന് നബി(ﷺ) ഉണർത്തിയത് പ്രത്യേകം ശ്രദ്ധേയമാണ്.

നരക ശിക്ഷയിൽനിന്നുള്ള രക്ഷക്കായി എല്ലാവിധ തിന്മകളിൽനിന്നും മനസ്സിനെ നിയന്ത്രിച്ച് നിർത്തുന്ന രക്ഷാകവചമാണ് വിശ്വാസികൾ അനുഷ്ഠിക്കുന്ന നോമ്പ്. നോമ്പ് നരകത്തെ പ്രതിരോധിക്കുന്ന ഒരു പരിചയാണ് എന്ന നബിവചനം ഏറെ ചിന്തനീയമാണ്.


ഈ തിരിച്ചറിവോടെ റമദാനിന്റെ രാപകലുകളെ ഉപയോഗപ്പെടുത്തുവാനും തുടർന്നുള്ള ജീവിതത്തിൽ അതിന്റെ ചൈതന്യം നിലനിറുത്തുവാനും സാധിക്കേണ്ടതുണ്ട്. അപ്പോഴാണ് വിശുദ്ധ ക്വുർആൻ 2:183ൽ പറഞ്ഞ 'ദോഷബാധയെ സൂക്ഷിക്കുക' എന്ന ലക്ഷ്യം നേടിയെന്ന് ആശ്വസിക്കാൻ കഴിയുക.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2021 APRIL 17

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**2021-22 രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

**SCHOOL OF Qura'n**

READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty
Malappuram | Kerala | PIN 676519**

## CENTERS:

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888

www.schoolofquran.in    mail@schoolofquran.in    SchoolOfQuranJamia